2023
MARCH
13
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ



## ഇന്ത്യയ്ക്ക് ഓസ്കർ; പുരസ്കാരം ഡോക്യുമെന്ററി ഹ്രസ്വചിത്ര വിഭാഗത്തിൽ

**ലൊസാഞ്ചലസ് :** ഓസ്കറിൽ നേട്ടം കൊയ്ത് ഇന്ത്യ. മികച്ച ഡോക്യുമെന്ററി ഹ്രസ്വചിത്ര വിഭാഗത്തിൽ 'ദ് എലിഫന്റ് വിസ്പറേഴ്സ്' പുരസ്കാരം നേടി. ഇതോടെ ഓസ്കറിൽ പുതുചരിത്രം എഴുതുകയാണ് ഇന്ത്യ. ലൊസാഞ്ചസിലെ ഡോൾബി തിയറ്റഴ്സിലാണു 95ാമത് ഓസ്കർ പുരസ്കാര പ്രഖ്യാപനം നടക്കുന്നത്.

മികച്ച അനിമേഷൻ ചിത്രത്തിനുള്ള പുരസ്കരമാണ് ആദ്യം പ്രഖ്യാപിച്ചത്. ഗില്ലെർമോ ഡെൽ ടോറോ സംവിധാനം ചെയ്ത പിനോക്കിയോ മികച്ച അനിമേഷൻ ചിത്രമായി തിരഞ്ഞെടുക്കപ്പെട്ടു. ജെയ്മീ ലീ കർട്ടിസ് ആണ് മികച്ച സഹനടി. കീ ഹ്യൂയ് ക്വാൻ മികച്ച !സഹനടനുള്ള ഓസ്കർ നേടി. ചിത്രം: എവരിതിങ് എവരിവേർ. ജെയിംസ് ഫ്രണ്ട് മികച്ച ഛായാഗ്രാഹകനായി തിരഞ്ഞെടുക്കപ്പെട്ടു.

'ഓൾ ക്വയറ്റ് ഓൺ ദ് വെസ്റ്റേൺ ഫ്രന്റ്' എന്ന ചിത്രത്തിനാണു പുരസ്കാരം. മികച്ച ഡോക്യുമെന്ററി ഫീച്ചർ ഫിലിം വിഭാഗത്തിൽ ഇന്ത്യയുടെ 'ഓൾ ദാറ്റ് ബ്രെത്ത്സ്'ന് പുരസ്കാരം നഷ്ടമായി. ഡാനിയൽ റോഹർ, ഒഡെസ്സാ റേ, ഡയൻ ബെക്കർ, മെലാനി മില്ലർ, ഷെയ്ൻ ബോറിസ് എന്നിവരുടെ 'നവൽനി' ആണ് ഈ വിഭാഗത്തിൽ പുരസ്കാരം സ്വന്തമാക്കിയത്.

# ബ്രഹ്മപുരം; കൊച്ചി കാത്തിരിക്കുന്നത് വൻ ദുരന്തം

**കൊച്ചി:** ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ തീപ്പിടിത്തത്തെ തുടർന്ന് പുറത്തേക്ക് പടർന്ന വിഷ വാതകം ഡയോക്സിൻ ഒരു തലമുറയെ തന്നെ നശിപ്പിക്കാൻ തക്കവണ്ണം ശേഷിയുള്ള ഉഗ്രവിഷമെന്ന് പരിസ്ഥിതി പ്രവർത്തകർ. കാറ്റു വീശിയ എല്ലാ ദിക്കിലേക്കും ഡയോക്സിൻ വ്യാപിച്ചിട്ടുണ്ടെന്നും കൊച്ചിയെയും സമീപ പ്രദേശങ്ങളെയും കാത്തിരിക്കുന്നത് വൻ ദുരന്തമെന്നും ആരോഗ്യ വിദഗ്ധർ ചൂണ്ടിക്കാട്ടി. ഡയോക്സിൻ ശ്വസിക്കുന്ന തലമുറയുടെ പ്രത്യുൽപ്പാദന ശേഷിയെ തന്നെ ബാധിക്കും.

കുട്ടികളുണ്ടാകാത്ത സാഹചര്യമുണ്ടാകാം.ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് വൈകല്യങ്ങൾ ഉണ്ടാകാനുള്ള സാധ്യതയും കൂടുതലാണ്. മനുഷ്യശരീരത്തിലെ ഹോർമോൺ പ്രക്രിയയെ സാരമായി ബാധിക്കുക മാത്രമല്ല പ്രതിരോധ ശേഷിയെ തന്നെ ഇല്ലാതാക്കുകയും ചെയ്യും. ഡയോക്സിൻ വർഷങ്ങൾ കൊണ്ടാണ് ആരോഗ്യത്തെ നശിപ്പിക്കുന്നത്. ആദ്യം ശ്വാസകോശത്തെ ബാധിക്കും, നീർക്കെട്ട് ഉണ്ടാക്കും. പ്രായമായവരിലാണ് ശ്വാസതടസം കൂടുതലായി കാണുന്നത്. ഡയോക്സിനിലൂടെ ഉണ്ടാകുന്ന എൻവിറോൺമെന്റൽ ഈസ്ട്രജൻ വരുന്ന തലമുറയെയാണ് കൂടുതലും ബാധിക്കുക.



പെൺകുട്ടികളിലാണെങ്കിൽ ഗർഭപാത്രത്തിന് കട്ടികൂടുക, പിസിഒഡി, അണ്ഡാശയ അർബുദം, സ്തനാർബുദം പോലുള്ള അസുഖങ്ങളാണ് കൂടുതലായി ഉണ്ടാകുന്നത്. ആൺകുട്ടികളിലാണെങ്കിൽ വന്ധ്യത ഉണ്ടാകാനുള്ള സാധ്യത കൂടുതലാണെന്നും പരിസ്ഥിതി പ്രവർത്തകനായ പ്രൊഫ. പ്രസാദ് പോൾ ജന്മഭൂമിയോടു പറഞ്ഞു.

വനത്തിൽ ഒളിഞ്ഞിരിക്കുന്ന വിയറ്റ്നാം കമ്മ്യൂണിസ്റ്റ് പോരാളികളെ കണ്ടെത്താൻ ഉഗ്രവിഷമായ ഡയോക്സിൻ (ഏജന്റ് ഓറഞ്ച്) അമേരിക്കയാണ് ആദ്യമായി ഉപയോഗിച്ചത്. വനത്തിലെ മരങ്ങളുടെ ഇലകൾ പൊഴിക്കാൻ വിമാനത്തിലെത്തി ഡയോക്സിൻ തളിക്കുകയായിരുന്നു. എന്നാൽ ഡയോക്സിന്റെ അംശം അമേരിക്കൻ സൈനികരുടെ ശരീരത്തിൽ പതിച്ചു. അവർക്ക് ക്യാൻസർ അടക്കമുള്ള അസുഖങ്ങളും ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് ഗുരുതര ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാകാൻ തുടങ്ങി. ഇതോടെയാണ് അവർ ഡയോക്സിന്റെ തീവ്രത മനസിലാക്കിയത്. വിയറ്റ്നാം ജനത ഇന്നും ഡയോക്സിന്റെ അനന്തരഫലങ്ങൾ അനുഭവിക്കുകയാണ്. വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.



## കൊപ്ര സംഭരണം അടുത്ത മാസം പുനരാരംഭിക്കും

**തിരുവനന്തപുരം:** സംസ്ഥാനത്ത് കൊപ്ര സംഭരണം അടുത്ത മാസം പുനരാരംഭിക്കും. 6 മാസത്തേക്കാണു സംഭരണം. കേരളത്തിൽ നിന്നും 50,000 മെട്രിക് ടൺ കൊപ്ര സംഭരിക്കാനാണ് തീരുമാനം. ഇതു സംബന്ധിച്ച നിർദേശങ്ങൾ നാഷനൽ അഗ്രി!ക്കൾചറൽ കോഓപ്പറേറ്റീവ് മാർക്കറ്റിങ് ഫെഡറേഷന് (നാഫെഡ്)കേന്ദ്ര സർക്കാർ നൽകി. ഇപ്പോൾ നിർത്തി വച്ചിരിക്കുന്ന കൊപ്ര സംഭരണം പുനരാരംഭിക്കണം എന്നാവശ്യപ്പെട്ട് കൃഷിവകുപ്പ് കേന്ദ്ര സർക്കാരിന് കഴിഞ്ഞ നവംബറിലും, കഴിഞ്ഞ മാസവും കത്തു നൽകിയിരുന്നു.

കഴിഞ്ഞ ഡിസംബറിൽ, നിശ്ചയിച്ച പുതുക്കിയ നിരക്കായ 10860 രൂപയ്ക്കാണ്(ക്വിന്റലിന്) സംഭരണം നടത്തുക. മുൻ നിരക്ക് 10590 രൂപയായിരുന്നു. നിലവിലെ വിപണി വിലയെക്കാൾ ഉയർന്ന നിരക്കിലാണ് താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളതിനാൽ ഇത് നാളികേര കർഷകർക്ക് ഗുണകരമാകുമെന്നു കൃഷി വകുപ്പ് അറിയിച്ചു.

## കാർബൺ ക്രെഡിറ്റ് പദ്ധതിയുമായി റബർ ബോർഡ്; കർഷകർക്കു നേട്ടം

**കോട്ടയം:** റബർ കർഷകരുടെ സാമ്പത്തിക ഉന്നമനത്തിന് കാർബൺ ക്രെഡിറ്റ് അടിസ്ഥാനമാക്കിയുള്ള വൊളന്ററി കാർബൺ വിപണി നടപ്പാക്കാൻ റബർ ബോർഡ്. സുസ്ഥിര വികസന പദ്ധതി ലക്ഷ്യമാക്കിയുള്ള കമ്പനികൾക്കു സാക്ഷ്യപത്രം നൽകുന്ന ഏജൻസിയായി റബർ ബോർഡിനെ മാറ്റാനും പദ്ധതി. ധാരണാപത്രം ഈ മാസം ഒപ്പുവയ്ക്കും. വികസിത രാജ്യങ്ങളിൽ കാർബൺ നിർഗമനം കണക്കാക്കി നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് ഇന്ത്യയിലും നടപ്പാക്കാൻ കേന്ദ്ര സർക്കാരിനു പദ്ധതിയുണ്ട്. ഇതു മുൻകൂട്ടി കണ്ടാണ് വൊളന്ററി കാർബൺ വിപണി ബോർഡ് നടപ്പാക്കുന്നത്.

റബർ അധിഷ്ഠിത വ്യവസായങ്ങൾ അന്തരീക്ഷത്തിലേക്കു തള്ളുന്ന കാർബൺ ഡയോക്സൈഡിനു തുല്യമായി, റബർ മരങ്ങൾ കാർബൺ ഡയോക്സൈഡ് വലിച്ചെടുക്കുന്നതു കണക്കാക്കുന്ന രീതിയാണു കാർബൺ ക്രെഡിറ്റിന്റേത്. ഇതിനു നിശ്ചിത തുക കണക്കാക്കി ഓരോ വർഷവും കർഷകർക്കു നൽകും. റീപ്ലാന്റ് ചെയ്യുന്നവർക്കും പുതുതായി നടുന്നവർക്കും മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ. വനം നശിപ്പിക്കാതെയോ അനധികൃത രാസവള പ്രയോഗം നടത്താതെയോ റബർ കൃഷി ചെയ്യുന്നവർക്കു ബോർഡ് സാക്ഷ്യപത്രം നൽകും.

## ഇന്ത്യ യുഎസ് വ്യാപാരബന്ധം ദൃഢമാക്കാൻ സമിതി വരുന്നു

**ന്യൂഡൽഹി:** വ്യാപാര മേഖലയിൽ ഇന്ത്യയും യുഎസും തമ്മിലുള്ള ബന്ധം ദൃഢമാക്കാൻ ലക്ഷ്യമിട്ട് ഇരു രാജ്യങ്ങളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി സമിതിക്കു രൂപം നൽകും. ഇന്ത്യ സന്ദർശിക്കുന്ന യുഎസ് വാണിജ്യ മന്ത്രി ജീന റെയ്മൊണ്ടോയുമായി കേന്ദ്ര വാണിജ്യ മന്ത്രി പീയുഷ് ഗോയൽ നടത്തിയ ചർച്ചയിലാണു തീരുമാനം. സെമി കണ്ടക്ടർ ഉൽപാദനത്തിലെ സഹകരണത്തിനായി ഇരു രാജ്യങ്ങളും ധാരണാപത്രം ഒപ്പുവച്ചു.

സ്റ്റാർട്ട് അപ്, നൈപുണ്യ വികസനം, ഡിജിറ്റൽ സാങ്കേതിക വിദ്യ, ടെലികമ്യൂണിക്കേഷൻസ്, 6 ജി സാങ്കേതിക വിദ്യ എന്നീ മേഖലകളിലും സഹകരണം ഉറപ്പാക്കും.



# പുനലൂരിലും മറ്റു മലയോര മേഖലകളിലും താപനില 36 ഡിഗ്രിക്കും മുകളിൽ



**കൊല്ലം:** വേനൽ കടുത്തതോടെ കൊടും ചൂടിൽ വലയുകയാണു ജില്ല. 36 ഡിഗ്രിക്കും മുകളിലാണ് പുനലൂരും മറ്റു മലയോര മേഖലകളിലും അനുഭവപ്പെടുന്ന താപനില. ചൂടിന്റെ തീവ്രത വിലയിരുത്തി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ആദ്യമായി പ്രസിദ്ധീകരിച്ച താപസൂചികാ ഭൂപടത്തിൽ കടുത്ത ചൂട് എന്ന വിഭാഗത്തിലാണു ജില്ല വരുന്നത്. അന്തരീക്ഷ ഊഷ്മാവിനൊപ്പം ഈർപ്പവും ചേർന്ന് അനുഭവപ്പെടുന്ന ചൂടാണ് താപസൂചികയിലുള്ളത്.

ജനുവരി ആദ്യം മുതലേ ജില്ലയിൽ ചൂട് കൂടിക്കൂടി വരികയാണ്. സ്വാഭാവിക ജലസ്രോതസ്സുകളും വറ്റിത്തുടങ്ങുന്നതോടെ പ്രതിസന്ധി രൂക്ഷമാകും. കുടിവെള്ളമില്ലാത്ത അവസ്ഥയും ഇതിനോടകം ഉയർന്നു കഴിഞ്ഞു. കൃഷി മേഖലയെയും ഇതു ബാധിക്കും. വളർത്തുമൃഗങ്ങളുടെ കാര്യത്തിലും ചൂടു കാലത്തു പ്രത്യേക ശ്രദ്ധ അനിവാര്യമാണ്. ചൂടിനൊപ്പം പനി കൂടി പടരുന്ന സാഹചര്യമുള്ളതിനാൽ ആരോഗ്യ വകുപ്പും മുന്നറിയിപ്പു നൽകിയിട്ടുണ്ട്. പനി, തൊണ്ടവേദന, ചുമ എന്നീ ലക്ഷണങ്ങളുള്ളവരുടെ സാംപിളുകൾ പകർച്ചപ്പനി പരിശോധനയ്ക്ക് അയയ്ക്കണമെന്നാണ് നിർദേശം. വലിയ ശ്രദ്ധ എല്ലാ മേഖലയിലും വേണ്ട 2 മാസമാണ് ഇനി വരാനിരിക്കുന്നത്. വേനൽമഴ കൂടി കനിഞ്ഞില്ലെങ്കിൽ ജില്ലയുടെ കാര്യം വലിയ ബുദ്ധിമുട്ടിലാകും.

ചൂടു വർധിച്ചതോടെ ജില്ലയിൽ തീപിടിത്തങ്ങളുടെ എണ്ണവും കുതിച്ചുയരുകയാണ്. ദിവസേനയുള്ള തീപിടിത്തങ്ങളുടെ എണ്ണം വർധിച്ചതോടെ നിലയ്ക്കാത്ത വിളികളാണ് അഗ്നി രക്ഷാസേനയിലേക്കെത്തുന്നത്. ചൂട് ഉയർന്ന സമയത്തു മാലിന്യങ്ങൾ കത്തിക്കുന്നതോടെ തീ മിക്കയിടങ്ങളിലും ആളിപ്പിടിക്കുകയാണ്. വലിച്ചെറിയപ്പെട്ടതും കൂട്ടിയിട്ടതുമായ മാലിന്യങ്ങൾക്കും തീപിടിക്കുന്നുണ്ട്.

ഉച്ച സമയത്തു മാലിന്യങ്ങൾ കത്തിക്കരുതെന്ന് മുന്നറിയിപ്പുണ്ടെങ്കിലും പലരും അവഗണിക്കുകയാണ്. എല്ലായിടത്തും ഓടിയെത്താൻ കഴിയാതെ വലയുന്ന അഗ്നി രക്ഷാസേനയ്ക്ക് ഇനിയുള്ള 2 മാസവും കഠിനമായിരിക്കും.

# വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് ശക്തമായ നടപടി: മന്ത്രി എ കെ ശശീന്ദ്രൻ

ഇടുക്കി ജില്ലയിലെ വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണെന്ന് വനം വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ.അറിയിച്ചു.

അപകടകാരിയായ കാട്ടാന അരിക്കൊമ്പനെ മയക്കുവെടിവച്ച് പിടിക്കുന്നതുമായി ബന്ധപ്പെട്ട് കുമളിയിൽ ചേർന്ന ഉന്നതതല യോഗത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം . രണ്ട് മാസക്കാലമായി ചിന്നക്കനാൽ, ശാന്തൻപാറ പ്രദേശത്ത് ഭീതി പടർത്തിയ അരികൊമ്പനെ പിടിക്കുന്നതിനുള്ള പ്രത്യേക സംഘം ഈ മാസം 16 ന് ജില്ലയിലെത്തും .

26 അംഗ ഉദ്യോഗസ്ഥരും 4 കുങ്കിയാനകളുമടങ്ങിയ ടീമിനെ ഡോ.അരുൺ സക്കറിയ നയിക്കും. ഇന്ന് ( മാർച്ച് 13 ) കൂട് പണി ആരംഭിച്ച് 4 ദിവസങ്ങൾക്കുള്ളിൽ പൂർത്തിയാക്കും.അതിന് ശേഷമാകും ആനയെ പിടിക്കാനുള്ള ശ്രമം ആരംഭിക്കുക. ആ ദിവസങ്ങളിൽ പ്രദേശത്ത് 144 പ്രഖ്യാപിക്കും. എസ്. എസ്. എൽ. സി, പ്ലസ് 2 പരീക്ഷ തീയതികൾ ഒഴിവാക്കിയാകും 144 പ്രഖ്യാപിക്കുക .

ഫയർ ഫോഴ്സ്, മെഡിക്കൽ ടീം, പോലീസ് എന്നിവരുടെ പ്രത്യേക സാന്നിധ്യം പ്രദേശത്ത് ഉറപ്പാക്കും. ഡി. എഫ്. ഒ മാരുടെ നേതൃത്വത്തിൽ 8 സ്ക്വാഡുകളായി തിരിഞ്ഞാണ് ഉദ്യോഗസ്ഥർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. അരിക്കൊമ്പനെ വിജയകരമായി പിടികൂടിയാൽ പ്രശ്നക്കാരായ ചക്കകൊമ്പൻ, മൊട്ടവാലൻ എന്നീ ഒറ്റയാൻമാരുടെ കാര്യത്തിലും ഉചിതമായ തീരുമാനം എടുക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കുമളി ബാംബൂ ഗ്രോവിൽ ചേർന്ന യോഗത്തിൽ ജില്ലാ കളക്ടർ ഷീബ ജോർജ് നോഡൽ ഓഫീസർ അരുൺ ആർ. എസ് , ചീഫ് കൺസർവേറ്റർ നീതു ലക്ഷ്മി, വനംവകുപ്പ് ഉദ്യോ ഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# നെല്ലും, കർഷകന്റെ പ്രതീക്ഷകളും ഉരുകിയൊലിക്കുന്നു

**എടത്വ:** ക്രമാതീതമായ ചൂടിൽ നെൽച്ചെടികൾ കരിഞ്ഞുണങ്ങുന്നു. നെൽക്കാമ്പ് ഉണങ്ങിക്കരിയുന്നതു കാരണം നെല്ല് സംഭരിക്കുമ്പോൾ തൂക്കത്തിൽ കുറവുവരുന്നതായി കർഷകർ പറയുന്നു. ഏക്കറിന് 20 ക്വിന്റലിൽ താഴെയാണ് ലഭിക്കുന്നതെന്നും ഇതുകാരണം കൃഷി നഷ്ടത്തിലാകുന്നെന്നുമാണു കർഷകർ പറയുന്നത്.സാധാരണ വിളവെത്താറാകുന്ന സമയത്തു മഴ ലഭിക്കുകയും നെല്ലിനു നല്ല ദൃഢത വയ്ക്കുകയും പതിവായിരുന്നു.എന്നാൽ മഴ കുറഞ്ഞതോടെ ആവശ്യത്തിനു വെള്ളം ലഭിക്കാത്ത അവസ്ഥ ഉണ്ടായി. ഉണങ്ങിയ നെൽക്കതിരുകൾ പതിരെന്നാണു മില്ലുകാർ പറയുന്നത്.

പാഡി മാർക്കറ്റിങ് അധികൃതരുടെ ഇടപെടലിനെ തുടർന്നു കിഴിവിന്റെ അളവ് കുറയ്ക്കുന്നുണ്ടെങ്കിലും മില്ലുടമകളുടെ ഏജന്റുമാർ 5 മുതൽ 9 കിലോ വരെ കിഴിവ് വാങ്ങുന്നുണ്ട്.മുട്ടാർ പഞ്ചായത്തിലെ ഇന്ദ്രാണി കാച്ചാങ്കേരി പാടത്തെ കർഷകർ കിഴിവ് കൊടുക്കാത്തതിന്റെ പേരിൽ ഒരാഴ്ച കഴിഞ്ഞിട്ടും നെല്ല് സംഭരിച്ചിട്ടില്ല. മന്ത്രി പി.പ്രസാദിനെ നേരിട്ടു കണ്ട് പരാതി പറഞ്ഞപ്പോൾ നെല്ല് സംഭരിക്കാൻ അടിയന്തരമായി ഇടപെടാൻ നിർദേശിച്ചിട്ടുണ്ടെന്നു മാത്രമാണു പറഞ്ഞത്. 8മുതൽ തുടങ്ങിയ പുഞ്ചക്കൊയ്ത്തിൽ ഇന്നലെ വരെ 60 ലോഡ് നെല്ല് കായൽ നിലത്ത് കൂട്ടിയിട്ടിരിക്കുകയാണ്.കായലിന്റെ കിഴക്കും വടക്കും തെക്കും ബണ്ടരികിൽ പ്ലാസ്റ്റിക് ഷീറ്റ് നിരത്തി അതിലാണ് നെല്ല് നിരത്തിയിട്ടുള്ളത്. നെല്ലിന് കാവലിരിക്കുന്ന കർഷകർ രാപകൽ ബണ്ടിൽ തന്നെ താമസിക്കുകയാണ്. മഴ, കീടബാധ, കാലാവസ്ഥ വ്യതിയാനങ്ങൾ എന്നിവ കാരണം നെല്ല് മോശമായ സമയത്ത് പോലും സംഭരണം വേഗം നടക്കാറുണ്ട്. ആലപ്പുഴ നല്ല കാലാവസ്ഥയിൽ കൊയ്ത നെല്ല് 4 ദിവസം കഴിഞ്ഞിട്ടും മില്ലുടമകൾ സംഭരിച്ചില്ല. മാർത്താണ്ഡം കായലിൽ കഴിഞ്ഞ 8മില്ലുടമകളും അവരുടെ ഏജന്റുമാരും ഇന്നലെ ഉച്ചയോടെ കായലിൽ എത്തി. നെല്ല് സംഭരണം തുടങ്ങണമെന്നു കർഷകർ ആവശ്യപ്പെട്ടെങ്കിലും ഒന്നും പറയാതെ അവർ മടങ്ങി. കൊയ്ത്ത് തുടങ്ങിയ ദിവസം കൊണ്ടുപോയ നെല്ലിന്റെ സാംപിൾ ലാബ് പരിശോധന നടത്തിയതിന്റെ ഫലത്തെക്കുറിച്ച് ചോദിച്ചതിനും മില്ലുടമകൾ മറുപടി നൽകിയില്ല. സിവിൽ സപ്ലൈസിന്റെ പാഡി മാർക്കറ്റിങ് ഓഫിസർ മറുപടി നൽകുമെന്നായിരുന്നു മില്ലുടമകളുടെ പ്രതികരണം. അന്യായമായി കിഴിവ് വാങ്ങിയെടുക്കാൻ പാഡി മാർക്കറ്റിങ് ഓഫിസർമാരെ മില്ലുടമകൾ കരുവാക്കുകയാണെന്നും കർഷകർ പറയുന്നു

## ആഗോള മാധ്യമപുസ്തക പുരസ്കാരം ജോസി ജോസഫിന്

കേരളീയരായ മാധ്യമ പ്രവർത്തകരുടെ ഏറ്റവും മികച്ച കൃതിക്കുള്ള കേരള മീഡിയ അക്കാദമിയുടെ ആഗോള പുരസ്കാരത്തിന് വിഖ്യാത അന്വേഷണാത്മക മാധ്യമ പ്രവർത്തകൻ ജോസി ജോസഫിന്റെ നിശബ്ദ അട്ടിമറി (ദി സൈലന്റ് കൂ) എന്ന പുസ്തകം അർഹമായി. 50,000/ രൂപയും പ്രശസ്തിപത്രവും ശിൽപ്പവും അടങ്ങുന്ന പുരസ്കാരം മാർച്ച് 25 ന് എറണാകുളത്ത് അന്തർദേശീയ മാധ്യമോത്സവ വേദിയിൽ സമ്മാനിക്കുമെന്ന് മീഡിയ അക്കാദമി ചെയർമാൻ ആർ.എസ് ബാബു അറിയിച്ചു. തോമസ് ജേക്കബ്, എൻ.ഇ. സുധീർ, ഡോ.മീന ടി.പിള്ള, എന്നിവരായിരുന്നു അന്തിമ ജഡ്ജിങ് കമ്മിറ്റിയിൽ. 2020, 2021, 2022 വർഷങ്ങളിൽ ഇംഗ്ലീഷിലോ മലയാളത്തിലോ പ്രസിദ്ധീകരിച്ച മാധ്യമ സംബന്ധമായ കൃതികളെയാണ് പരിഗണിച്ചത്.



# കുമരകത്തിന്റെ മുഖഛായ മാറ്റാൻ ജി 20 ഉച്ചകോടി സമ്മേളനം

**കുമരകം:**ജി20 ഉച്ചകോടി ഉദ്യോഗസ്ഥ സമ്മേളനം കുമരകത്തിന്റെ മുഖഛായ മാറ്റുന്നു. റോഡ് നവീകരണവും ഉൾപ്പെടെ ഉള്ള അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന ജോലി യുദ്ധകാല അടിസ്ഥാനത്തിൽ തീർക്കുന്ന കാഴ്ചയാണ് കുമരകത്ത് എവിടെയും. 2000ത്തിൽ അന്നത്തെ പ്രധാനമന്ത്രി വാജ്പേയി കുമരകത്ത് എത്തുന്നതിനോടനുബന്ധിച്ച് ആയിരുന്നു ഇതുപോലെ വിവിധ വകുപ്പുകൾ ഒന്നിച്ചുള്ള പ്രവർത്തനങ്ങൾ നടത്തിയത്.

ഉച്ചകോടിയോടനുബന്ധിച്ചു തണ്ണീർമുക്കം മുതൽ ഇല്ലിക്കൽ വരെ ഉള്ള റോഡ്10 കോടി രൂപ ചെലവഴിച്ചു നവീകരണം നടത്തുന്നു. നാട്ടുകാർ വർഷങ്ങളായി ആവശ്യപ്പെട്ടിരുന്നെങ്കിലും നടക്കാതെ കിടന്ന റോഡ് നവീകരണമാണ് ഇപ്പോൾ ദ്രുതഗതിയിൽ നടക്കുന്നത്. തണ്ണീർമുക്കം മുതൽ കൈപ്പുഴമുട്ട് വരെ ഉള്ള റോഡിന്റെ അവസ്ഥ പരിതാപകരമായിരുന്നു. കുണ്ടുംകുഴിയുമായി കിടന്ന റോഡാണ് നല്ല നിലവാരത്തിലേക്ക് എത്തുന്നത്.

കൈപ്പുഴമുട്ട് മുതൽ ഇല്ലിക്കൽ വരെയുള്ള റോഡ് റബറൈസ്ഡ് ആണെങ്കിലും ഇതിനു മുകളിൽ ഒരു ലയർ ടാറിങ് കൂടി നടത്തുന്നു. കൂടാതെ റോഡ് വശത്ത് അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളുടെ ശിഖരങ്ങൾ നീക്കുന്നതിനൊപ്പം ഇരുവശവും വൃത്തിയാക്കുകയും ചെയ്യുന്നു. ഇവിടങ്ങളിൽ നിലവിലെ ബൾബുകൾക്കു പകരം പ്രകാശം കൂടിയ ബൾബുകളും സ്ഥാപിക്കുന്നു. ഇരുളടഞ്ഞ് കിടന്ന വഴികളാണ് ഇനി പ്രകാശ പൂരിതമാകുന്നത്.

സമ്മേളനത്തിനെത്തുന്ന ഉദ്യോഗസ്ഥർ താമസിക്കുന്ന ഹോട്ടലുകളിലേക്ക് ഉള്ള കവണാറ്റിൻകര ശക്തീശ്വരം റോഡ്,കുമരകം അമ്മങ്കരി റോഡുകളുടെ നവീകരണം പൊതുമരാമത്ത് വകുപ്പ് നടത്തും.



ശക്തീശ്വരം റോഡിന്റെ പണി ഉടൻ തുടങ്ങും.1.80 കോടി ചെലവഴിച്ചു നവീകരിക്കുന്ന അമ്മങ്കരി റോഡിന്റെ ടാറിങ് തുടങ്ങി. ഈ രണ്ട് റോഡുകളും തകർന്നു കിടക്കുകയായിരുന്നു. വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങളും ജനങ്ങൾക്കു ആശ്വാസമാകും.

11 കെ വി ലൈനിലെ ടച്ചിങ് ഉൾപ്പെടെ മാറ്റി വിതരണം സുഗമമാക്കുന്നു .കുമരകത്തേക്കുള്ള വൈദ്യുത വിതരണം മുടങ്ങാതിരിക്കാൻ പുതിയതായി സജ്ജമാക്കുന്ന ലൈനുകൾ നിലനിർത്തും. കോടിമതയിൽ നിന്നുള്ള ലൈൻ ഇല്ലിക്കൽ എത്തിച്ചും തണ്ണീർമുക്കം ഭാഗത്ത് നിന്ന് ബണ്ട് വഴി കേബിൾ വലിച്ചുമാണു അടിയന്തരഘട്ടങ്ങളിൽ വൈദ്യുതി എത്തിക്കുന്നത്. ചെങ്ങളം സബ് സബ് സ്റ്റേഷനിൽ നിന്ന് വൈദ്യുതി എത്തിക്കുന്നതിനു കുമരകം റോഡ് വശത്തുകൂടി പുതിയ ലൈൻ വലിക്കുന്നു.

വൈദ്യുത പോസ്റ്റുകളിലും റോഡ് വശങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന ബോർഡുകളും മറ്റും നീക്കുന്നതോടെ വാഹനയാത്രക്കാർക്കും കാൽനടക്കാർക്കും ആശ്വാസമാകും.പോളയുടെ കാര്യത്തിൽ തീരുമാനമാകുന്നതു ടൂറിസം മേഖലയ്ക്കും ഗുണകരമാകും. കായലിലെ പോള അടിയന്തരമായി നീക്കം ചെയ്യാനാണു ഇറിഗേഷൻ വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുന്നത്.

പോള ടൂറിസത്തിനു തിരിച്ചടിയാകുന്നതിന് പരിഹാരം ആവശ്യപ്പെട്ടു ഹൗസ് ബോട്ട് ഉടമകൾ സമരം നടത്തിയെങ്കിലും അനങ്ങാതിരുന്ന ഇറിഗേഷൻ വകുപ്പാണു ഇപ്പോൾ പോള നീക്കത്തിനുള്ള നടപടി എടുത്തത്. കൺവൻഷൻ സെന്റർ പണിതതും ഇവിടത്തെ തോടുകളുടെ നവീകരണം നടത്തിയതും കെടിഡിസിക്കു പ്രയോജനകരമായി മാറും. കുമരകത്ത് ഉച്ചകോടി നടക്കുന്നത് ഇവിടത്തെ ടൂറിസത്തിനാകും ഏറെ ഗുണകരമാകുക .



## വാഴത്തോപ്പ് പഞ്ചായത്ത് ഗ്രാമീണഭവന കുടിവെള്ള പദ്ധതിയുടെ നിർമ്മാണോദ്ഘാടനം മന്ത്രി നിർവഹിച്ചു

ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് ജല വിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി വാഴത്തോപ്പ് പഞ്ചായത്തിൽ നടപ്പാക്കുന്ന ഗ്രാമീണഭവന സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം .സമയബന്ധിതമായി പദ്ധതി പൂർത്തീയാക്കാനുള്ള മികച്ച പ്രവർത്തനങ്ങളാണ് സർക്കാർ ചെയ്തു വരുന്നത്. വിവിധ വകുപ്പുകളെ ഏകോപിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. 2024 ൽ പദ്ധതി പൂർത്തിയാക്കുമ്പോൾ എല്ലാ ഭവനങ്ങളിലും ശുദ്ധജലം ഉറപ്പ് വരുത്താൻ സാധിക്കും.

തടിയമ്പാട് ടൗണിൽ സംഘടിപ്പിച്ച പരിപാടിയിൽ വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ജോർജ്ജ്പോൾ അദ്ധ്യക്ഷത വഹിച്ചു. ഡീൻ കുര്യാക്കോസ് എംപി മുഖ്യപ്രഭാഷണം നടത്തി. വാഴത്തോപ്പ് പഞ്ചായത്തിലെ 3361 കുടുംബങ്ങൾക്കും കഞ്ഞിക്കുഴി പഞ്ചായത്തിലെ 245 കുടുംബങ്ങൾക്കും കുടിവെള്ളമെത്തിക്കുന്നതിനായി 1816.38 ലക്ഷം രൂപയുടെ പദ്ധതിക്കാണ് തുടക്കം കുറിച്ചിരിക്കുന്നത്. ഇടുക്കി ഡാമിൽ നിന്നും ശേഖരിക്കുന്ന ജലം ശുദ്ധീകരിച്ച് ഗ്രാവിറ്റിയിലൂടെയും പമ്പിങ്ങിലൂടെയും വിവിധ ടാങ്കുകളിലെത്തിച്ച് വിപുലമായ വിതരണ ശൃംഖലയിലൂടെ വാഴത്തോപ്പ് പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലെയും കഞ്ഞിക്കുഴി പഞ്ചായത്തിലെ 6ാം വാർഡിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നവിധമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് . കൂടാതെ നിലവിലുള്ള ടാങ്കുകളുടെ നവീകരണ പ്രവർത്തനങ്ങളും നടത്തും.

യോഗത്തിൽ വാട്ടർ അതോറിറ്റി മധ്യമേഖല ചീഫ് എഞ്ചിനീയർ ടി. എസ് സുധീർ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ.ടി. ബിനു, ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് രാജി ചന്ദ്രൻ, ജില്ലാ പഞ്ചായത്ത് ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻ സി.വി. വർഗീസ്, കേരള ഹൗസിംഗ് ബോർഡ് മെമ്പർ ഷാജി കാഞ്ഞമല, വാഴത്തോപ്പ് പഞ്ചായത്ത് വൈസ് പ്രസിഡന്റ് മിനി ജേക്കബ്, ത്രിതല പഞ്ചായത്ത് അംഗങ്ങളായ കെ.ജി. സത്യൻ, ഡിറ്റാജ് ജോസഫ്, സിജി ചാക്കോ, ആൻസി തോമസ്, ഏലിയാമ്മ ജോയി, ആലീസ് ജോസ്, സെലിൻ വിൻസെന്റ്, വിൻസെന്റ് മാണി, ടിന്റു സുബാഷ്, നിമ്മി ജയൻ, നൗഷാദ് ടി. ഇ., രാജു ജോസഫ് കല്ലറക്കൽ, അജേഷ്കുമാർ പി.വി, സിൽവി സോജൻ തുടങ്ങിയവർ പങ്കെടുത്തു.

## ജ്വാല: ജനമൈത്രി പൊലീസ് സ്വയം പ്രതിരോധമുറ പരിശീലനം ആരംഭിച്ചു

**ഇരിങ്ങാലക്കുട:** വിവിധ തരത്തിലുള്ള ആക്രമണങ്ങളിൽ നിന്ന് സ്ത്രീകൾക്ക് സ്വയം പ്രതിരോധിക്കുന്നതിനായി പ്രതിരോധ മുറകൾ പരിശീലിപ്പിക്കുന്നതിനായി ജനമൈത്രി പൊലീസ് നടപ്പിലാക്കുന്ന ജ്വാല വാക്ക് ഇൻ ട്രെയിനിങ് പരിപാടിയുടെ റൂറൽ ജില്ലാതല ഉദ്ഘാടനം ക്രൈസ്റ്റ് കോളജിൽ നഗരസഭ അധ്യക്ഷ സോണിയ ഗിരി നിർവഹിച്ചു.



റൂറൽ ജില്ലാ പൊലീസ് മേധാവി ഐശ്വര്യ ഡോങ്റേ അധ്യക്ഷത വഹിച്ചു. നടിമാരായ റീമ കല്ലിങ്കൽ, അതിഥി, ഡിവൈഎസ്പി ബാബു കെ.തോമസ്, പ്രിൻസിപ്പൽ ഫാ. ഡോ. ജോളി ആൻഡ്രൂസ്, സിഐ അനീഷ് കരീം, വനിതാസെൽ സിഐ എൽസി, എസ്ഐമാരായ എസ്.സുദർശന , പി.വി.അനീഷ്കുമാർ, എൻ.കെ.അനിൽ, ജനമൈത്രി സിആർഒ എസ്ഐ കെ.പി. ജോർജ് എന്നിവർ പ്രസംഗിച്ചു.

പരിപാടിയുടെ ഭാഗമായി കാട്ടുങ്ങച്ചിറ ഡിവൈഎസ്പി ഓഫിസിലെ കോൺഫറൻസ് ഹാളിലും ക്രൈസ്റ്റ് കോളജ് ഓഡിറ്റോറിയത്തിലും പ്രതിരോധ മുറകളുടെ പരിശീലനം നൽകി. ഇന്ന് രാവിലെ 9 മുതൽ 3.30 വരെ ചാലക്കുടി പൊലീസ് സ്റ്റേഷനിലെ കോൺഫറൻസ് ഹാളിൽ സൗജന്യ പരിശീലനം നൽകും.

## പൈനാപ്പിളിന് പൊന്നുംവില; കിലോഗ്രാമിന് 60രൂപ



**കോലഞ്ചേരി:** വേനൽ കടുത്തതോടെ പൈനാപ്പിളിനു വില കുതിച്ചുയർന്നു. കിലോഗ്രാമിന് 60രൂപയാണ് വില. സമീപകാലത്തെ ഏറ്റവും ഉയർന്ന വിലയാണിത്. കർഷക വിപണികളിൽ പൈനാപ്പിൾ വളരെ കുറച്ചു മാത്രമേ എത്തുന്നുള്ളൂ. സീസൺ വിളവെടുപ്പിനായി കൃഷിക്കാർ കാത്തിരിക്കുന്നതാണ് ദൗർലഭ്യത്തിനു കാരണം. റംസാൻ നോമ്പു കാലമാകുമ്പോഴേക്കും വില ഇനിയും കൂടുമെന്നു കച്ചവടക്കാർ പറയുന്നു. മുൻ വർഷങ്ങളിൽ വേനൽക്കാലത്ത് ഉത്തരേന്ത്യയിലേക്ക് പൈനാപ്പിൾ വൻ തോതിൽ കയറ്റി അയച്ചിരുന്നതാണ്.



# അതിർത്തിത്തർക്കം നീളുന്നു; ബൈപാസ് സർവീസ് റോഡ് നിർമാണം പ്രതിസന്ധിയിൽ

**രാമനാട്ടുകര:** അതിർത്തിത്തർക്കം കോടതി കയറിയതോടെ ദേശീയപാത ബൈപാസ് ആറുവരിപ്പാതയുടെ സർവീസ് റോഡ് നിർമാണം പ്രതിസന്ധിയിൽ. സേവാമന്ദിരം പടിഞ്ഞാറ് എൻഎസ്എസ് സ്കൂൾ നടവഴി പരിസരത്ത് 50 മീറ്ററിലാണു പ്രവൃത്തി നീളുന്നത്. സേവാമന്ദിരം പാതയോരത്തെ വ്യക്തിയുടെ മതിലും ഭൂമിയും ബൈപാസിന് ഏറ്റെടുത്ത ഭൂമിയാണെന്നു പറഞ്ഞ് അധികൃതർ ഒഴിപ്പിച്ചിരുന്നു.

തുടർന്നു വ്യക്തി ഹൈക്കോടതിയെ സമീപിച്ചു സ്റ്റേ വാങ്ങി. 2022 ജൂണിൽ തുടങ്ങിയ കേസ് നടപടികൾ ഇതുവരെ തീർപ്പായിട്ടില്ല. അതിനാൽ ഇവിടെ ഓട നിർമാണം തടസ്സപ്പെട്ടിരിക്കുകയാണ്. അരികിൽ ഭിത്തി കെട്ടി ഓട നിർമിച്ചാൽ മാത്രമേ സർവീസ് റോഡ് പൂർത്തീകരിക്കാനാകൂ. സ്റ്റേ ഉള്ളതിനാൽ പ്രവൃത്തി നടത്താൻ പറ്റാത്തതാണു തിരിച്ചടി.

സേവാമന്ദിരം പടിഞ്ഞാറു ഭാഗത്തു സർവീസ് റോഡിന് സ്ഥലം കുറവാണെന്നു കണ്ടതോടെ ദേശീയപാത അധികൃതർ സർവേ നടത്തിയിരുന്നു. താലൂക്ക് സർവേയർ നടത്തിയ പരിശോധനയിൽ കയ്യേറ്റമുള്ളതായി കണ്ടെത്തി. തുടർന്നാണ് അധികൃതർ ഇടപെട്ടു സ്ഥലം തിരിച്ചു പിടിച്ചത്. തന്റെ 30 സെന്റിൽ 13.95 സെന്റ് 1987ൽ ബൈപാസിന് ഏറ്റെടുത്തിട്ടുണ്ടെന്നും ബാക്കി സ്ഥലത്തിന് നികുതി അടയ്ക്കുന്നുണ്ടെന്നുമാണ് ഉടമയുടെ വാദം. അന്നു സ്ഥാപിച്ച സർവേ അതിരടയാള കുറ്റികൾക്കു പിന്നിലാണ് മതിൽ കെട്ടിയതെന്നും അദ്ദേഹം പറഞ്ഞു.

35 വർഷം മുൻപ് 45 മീറ്റർ വീതിയിലാണ് റോഡിനു സ്ഥലം ഏറ്റെടുത്തത്. തർക്കമുള്ള സ്ഥലത്ത് റോഡിനു 47.5 മീറ്റർ വീതിയുണ്ട്.

അതിർത്തിത്തർക്കത്തിന് പെട്ടെന്നു പരിഹാരമുണ്ടായില്ലെങ്കിൽ ബൈപാസ് സർവീസ് റോഡ് പൂർത്തീകരണം അനിശ്ചിതമായി നീളുമെന്നാണ് ആശങ്ക.

# കൊടുംവരൾച്ചയും ചൂടും: പാൽ ഉൽപാദനം കുറഞ്ഞു

**കൽപറ്റ:** ദിനംതോറും വർധിക്കുന്ന കൊടുംചൂടിൽ ക്ഷീരമേഖലയിലെ പ്രതിസന്ധി രൂക്ഷമാകുന്നു. പാലക്കാട് കഴിഞ്ഞാൽ കേരളത്തിൽ ഏറ്റവുമധികം പാൽ ഉൽപാദിപ്പിക്കുന്ന ജില്ലയായ വയനാട്ടിൽ ഇക്കുറി പാൽ ഉൽപാദനത്തിലും വൻ കുറവുണ്ടായി!. വയനാട്ടിലെ പ്രതിദിന പാൽ ഉൽപാദനം 2.74 ലക്ഷം ലീറ്ററിൽനിന്ന് 2.60 ലീറ്ററായാണു കുറഞ്ഞിരിക്കുന്നത്. ഈ മാസത്തോടെ ജില്ലയിലെ പാൽ ഉൽപാദനത്തിൽ ചുരുങ്ങിയതു 30 ശതമാനത്തിന്റെയെങ്കിലും കുറവുണ്ടാകുമെന്നാണു ക്ഷീരവികസന വകുപ്പിന്റെ കണക്കുകൂട്ടൽ. പശുക്കളിലെ രോഗബാധയും കാലാവസ്ഥാ വ്യതിയാനവും കറവ വറ്റിയ പശുക്കളുടെ എണ്ണം കൂടിയതുമെല്ലാം കാരണം 2022 നവംബറിൽ 2.54 ലീറ്ററിലേക്കു പ്രതിദിന പാൽ ഉൽപാദനം താഴ്ന്നിരുന്നു.

ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ പ്രതിദിന പാൽ ഉൽപാദനത്തിൽ അൽപം വർധനയുണ്ടായെങ്കിലും ചൂട് ഉയർന്നുനിൽക്കുന്നതുമൂലം മാർച്ചിലെ കണക്കെടുപ്പിൽ പാൽ ഉൽപാദനം ഇനിയും കുറയുമെന്നാണു വിലയിരുത്തൽ. പാൽ ഉൽപാദന സാന്ദ്രതയിൽ വയനാടിനാണു സംസ്ഥാനത്ത് ഒന്നാം സ്ഥാനം. എന്നാൽ, കാലിവളർത്തലിനു ചെലവേറിയതും അധ്വാനത്തിന് ആനുപാതികമായി പാൽവില കൂടാത്തതും മൂലം ഒട്ടേറെപ്പേരാണ് ക്ഷീരമേഖല ഉപേക്ഷിക്കുന്നത്. വെയിൽ ശക്തമായതോടെ ജില്ലയിൽ പച്ചപ്പുൽ ക്ഷാമവും രൂക്ഷമായി. വൈക്കോൽ കൊടുത്താണു പല ക്ഷീരകർഷകരും പശുക്കളുടെ ജീവൻ നിലനിർത്തുന്നത്. പശുക്കൾക്കു വിശപ്പകറ്റാമെന്നല്ലാതെ വൈക്കോൽ നൽകിയാൽ പാൽ ഉൽപാദനത്തിൽ വർധനയുണ്ടാകില്ല.

പച്ചപ്പുല്ലിനു പകരം എന്നും വൈക്കോലാണെങ്കിൽ കന്നുകാലികൾ ആവശ്യത്തിനു തിന്നാനും മടിക്കും. ചൂട് കൂടിനിൽക്കുന്നതിനാൽ കന്നുകാലികളെ തൊഴുത്തിനു പുറത്തെത്തിച്ചു വളരെ നേരം മേയ്ക്കാനും കഴിയില്ല. കൂടുതൽ നേരം വെയിലത്തുനിൽക്കുന്ന കന്നുകാലികൾക്കു പലവിധ രോഗങ്ങൾ പിടിപെടുന്നു. കർണാടകയിൽനിന്നു ചോളത്തണ്ടുകൾ എത്തുന്നതും കുറഞ്ഞു. പലയിടത്തും ഒരു കിലോ ചോളത്തണ്ടിന് 5.50 രൂപ വരെയാണ് ഈടാക്കുന്നതെന്നു കർഷകർ പറയുന്നു. ക്ഷീരസംഘങ്ങളിൽനിന്നു സബ്സിഡി നിരക്കിൽ ചോളത്തണ്ടുകൾ കിട്ടിയിരുന്നതു നിലച്ചു. വൈക്കോലിനു വില കൂടുകയാണ്. 18 കിലോയുടെ റോളിന് 200 രൂപയാണു വില. ഇതിനു പുറമെ വണ്ടിക്കൂലിയും നൽകണം. പരുത്തിപ്പിണ്ണാക്ക്, തവിട്, തേങ്ങാപ്പിണ്ണാക്ക്, പരുത്തിക്കുരു എന്നിവയുടെയെല്ലാം വില വർധിക്കുകയാണ്.

50 കിലോ കാലിത്തീറ്റയ്ക്ക് 1550 രൂപ വരെയായി വില. ക്ഷീരമേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തണമെന്ന കർഷകരുടെ ആവശ്യം ഇതുവരെ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല. വയനാട്ടിൽ മാനന്തവാടി നഗരസഭ ക്ഷീരമേഖലയെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തിയിട്ടുണ്ട്. മറ്റു നഗരസഭകളും ഈ മാതൃക പിന്തുടരണമെന്നു കർഷകർ ആവശ്യപ്പെടുന്നു.

# കരിഞ്ഞുണങ്ങി കടുവ സങ്കേതങ്ങൾ; അതിർത്തി കടന്ന് വന്യമൃഗങ്ങൾ വയനാട്ടിലേക്ക



**പുൽപള്ളി:** വയനാടിനോട് അതിർത്തി പങ്കിടുന്ന ബന്ദിപ്പൂർ, നാഗർഹൊള കടുവ സങ്കേതങ്ങൾ കരിഞ്ഞുണങ്ങി കാട്ടുതീ ഭീഷണിയിലായി. അഭൂതപൂർവമായ പകൽച്ചൂടാണ് ഡക്കാൻ പീഠഭൂമിക്കടുത്തുള്ള ഈ വനപ്രദേശങ്ങളിൽ. വനത്തിലെ മൃഗങ്ങളിൽ നല്ലൊരു പങ്കും സുരക്ഷിത താവളങ്ങൾ തേടുന്നു.ആന, മാൻ, കടുവ എന്നിവയെല്ലാം സുരക്ഷിത ആവാസ കേന്ദ്രമെന്ന നിലയിൽ വയനാടൻ കാടുകളിലേക്കു പ്രവേശിക്കുന്നുണ്ട്. കുടക് മലനിരകളും ഹുൻസൂർ വനമേഖലകളും അതിരിടുന്ന നാഗർഹൊള കടുവ സങ്കേതം വയനാട് വന്യജീവി സങ്കേതത്തിന്റെ തോൽപ്പെട്ടി റേഞ്ചുമായി ബന്ധപ്പെട്ടു കിടക്കുന്നു.

വയനാടിനോടു ചേർന്ന നാഗർഹൊള കടുവ സങ്കേതവും അതിലെ ആന വളർത്തുകേന്ദ്രവും വരൾച്ചയുടെ പിടിയിലായി. വേനൽച്ചൂടിൽ വീർപ്പുമുട്ടുന്ന ആനകളുടെ കുളി മുടങ്ങാതിരിക്കാൻ തോടിനു കുറുകെ മരത്തടികൾ ഇട്ടിരിക്കുന്നു. ആനക്യാംപിൽ നിന്നുള്ള കാഴ്ച.

വയനാടിനോടു ചേർന്ന നാഗർഹൊള കടുവ സങ്കേതവും അതിലെ ആന വളർത്തുകേന്ദ്രവും വരൾച്ചയുടെ പിടിയിലായി. വേനൽച്ചൂടിൽ വീർപ്പുമുട്ടുന്ന ആനകളുടെ കുളി മുടങ്ങാതിരിക്കാൻ തോടിനു കുറുകെ മരത്തടികൾ ഇട്ടിരിക്കുന്നു. ആനക്യാംപിൽ നിന്നുള്ള കാഴ്ച.

കബനിയുടെ മറുകരയിൽ നിന്നാരംഭിക്കുന്ന ബന്ദിപ്പൂർ കടുവ സങ്കേതം മുതുമല കടുവ സങ്കേതം വരെ പടർന്നു കിടക്കുന്നു. വന്യജീവി സങ്കേതത്തിലെ കുറിച്യാട്, ബത്തേരി, മുത്തങ്ങ റേഞ്ചുകൾ ഇതോടു യോജിച്ചു കിടക്കുന്നു. വരണ്ട കാടുകളിൽ നിന്ന് മുത്തങ്ങ, കുറിച്യാട്, തോൽപ്പെട്ടി വനപ്രദേശത്തേക്കാണ് മൃഗങ്ങളുടെ പ്രവാഹം. കബനിക്കരയിലേക്കും ഇവയുടെ ദേശാടനമുണ്ട്.കബനി കടന്ന് അതിർത്തിയിലെ കൃഷിയിടങ്ങളിലേക്കും ഇവയെത്തുന്നു. ബന്ദിപ്പൂർ വനപ്രദേശത്ത് ഗോപാൽസ്വാമി കുന്നുകളിൽ കാട്ടുതീയുണ്ടായി.

നാഗർഹൊളയോടു ചേർന്ന ഹാസൻ പ്രദേശത്തും കാര്യമായി കാട്ടുതീയുണ്ടായി. പ്രതിസന്ധി കൂടുതൽ രൂക്ഷമാകുന്നതു കണ്ട് യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങളാണ് രണ്ട് കടുവ സങ്കേതങ്ങളിലുമൊരുക്കിയത്. വനത്തിലേക്ക് ആർക്കും പ്രവേശനമില്ല. വനപാതകളിൽ വാഹനങ്ങൾ നിർത്തിയാൽ കേസും പിഴയുമുണ്ടാകും. നിശ്ചിത സമയത്തിനുള്ളിൽ വനപാത പിന്നിടണമെന്നതും നിർബന്ധമാക്കി. കൂടുതൽ വാച്ചർമാരെ നിയോഗിച്ചതിനു പുറമേ അഗ്നിരക്ഷാ സേനയും ഇവിടെ കാവലുണ്ട്.

സംശയമുള്ള സ്ഥലങ്ങളിലും ജനവാസ കേന്ദ്രങ്ങളോടും ചേർന്ന വനപ്രദേശങ്ങളിലും കൂടുതൽ നിരീക്ഷണമുണ്ട്. വനപാലകരോട് ഇടഞ്ഞ് പലേടത്തും ഗ്രാമവാസികൾ കാട് കത്തിക്കുന്ന പതിവ് കർണാടകയിലുണ്ട്. ഗോപാൽസ്വാമി കുന്നുകളിൽ എല്ലാവർഷവും ഗ്രാമീണർ തീയിടാറുണ്ട്.കർണാടകയിൽ നിന്നു തീ പടരാതിരിക്കാൻ കേരളാതിർത്തിയിലും വനപാലകർ ശ്രദ്ധിക്കുന്നുണ്ട്. മച്ചാനുകൾ സ്ഥാപിച്ച് അതിലും നിരീക്ഷിക്കുന്നു. അതിർത്തിയിൽ കൂടുതൽ ഫയർ ലൈനുകളുണ്ടാക്കി.



# ബ്രഹ്മപുരം:പുകയണയ്ക്കൽ 95 ശതമാനം പൂർത്തിയായി



കൊച്ചി: ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ പുകയണയ്ക്കൽ ലക്ഷ്യത്തിലേക്ക്.മാലിന്യ പ്ലാന്റിലെ പുക ശമിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 95 ശതമാനത്തിലധികവും പൂർത്തിയായതായി ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് അറിയിച്ചു. ഇന്ന് രാത്രിയോടെ പൂർണമായി അണക്കാൻ കഴിയുമെന്നാണ് പ്രതീക്ഷയെന്നും കളക്ടർ പറഞ്ഞു. ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ സെക്ടർ ഏഴിലെ അഗ്നിരക്ഷാ സേനയുടെ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി സംസാരിക്കുകയായിരുന്നു കളക്ടർ.ഏറ്റവുധികം പുക ഉയർന്ന സെക്ടർ ആറ്, ഏഴ് ഉൾപ്പടെയുള്ള മാലിന്യ കൂമ്പാരത്തിലെ പുകയണക്കാൻ കഴിഞ്ഞു. വളരെ കുറച്ച് ഭാഗത്ത് മാത്രമാണ് ചെറിയ തോതിൽ തീ ഉള്ളത്. രാത്രിയോടെ ഇത് പൂർണമായും ശമിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. ഇതിനായി പ്ലാന്റിലെ മറ്റിടങ്ങളിൽ നിന്ന് എസ്കവേറ്ററുകൾ ഇവിടേക്ക് കേന്ദ്രീകരിക്കും. തീപിടിക്കാൻ സാധ്യതയുള്ള വാതകങ്ങളുടെ സാന്നിധ്യമുള്ളതിനാൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇനിയും ചെറിയ തോതിൽ തീപിടിക്കാൻ സാധ്യതയുണ്ടെന്ന് കളക്ടർ പറഞ്ഞു. ഈ സാഹചര്യം നേരിടാൻ പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കും. പുക പൂർണമായും ശമിപ്പിച്ചാലും അഗ്നി രക്ഷാ സേനയുടെ സേവനം തുടരും. കാവൽക്കാർ, കാമറകൾ തുടങ്ങിയ സംവിധാനങ്ങളും ഉപയോഗിക്കും. റീജിയണൽ ഫയർ ഓഫീസർ ജെ.എസ് സുജിത് കുമാർ, കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വി.പി ഷിബു തുടങ്ങിയവരും കളക്ടർക്കൊപ്പമുണ്ടായിരുന്നു.പുക ശമിപ്പിക്കുന്നതിന് രാപകൽ ഭേദമന്യേ ഊർജിതമായ ശ്രമങ്ങളാണ് നടത്തുന്നത്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ 24 മണിക്കൂറും ഷിഫ്റ്റുകളിലായിട്ടാണ് പ്രവർത്തനം.നിലവിൽ 200 അഗ്നിശമന സേനാംഗങ്ങളും, 18 എസ്കവേറ്റർ ഓപ്പറേറ്റർമാരും 68 സിവിൽ ഡിഫൻസ് അംഗങ്ങളും 55 കൊച്ചി കോർപ്പറേഷൻ ജീവനക്കാരും 48 ഹോം ഗാർഡുകളും ആറ് പോലീസുകാരും നേവിയുടെ അഞ്ച് പേരും ബി.പി.സി.എല്ലിലെ രണ്ട് പേരും സിയാലിൽ നിന്ന് മൂന്ന് പേരും റവന്യു വകുപ്പിൽ നിന്ന് നാല് പേരും ദൗത്യത്തിനുണ്ട്. ആംബുലൻസും ആറ് പേർ ഉൾപ്പെട്ട മെഡിക്കൽ സംഘവും സ്ഥലത്തുണ്ട്. പുക അണയ്ക്കുന്നതിനുള്ളപ്രവർത്തനങ്ങൾക്കായി ഒരു ഫോം ടെൻഡർ യുണിറ്റും 18 ഫയർ യൂണിറ്റുകളും 18 എസ്കവേറ്ററുകളും 3 ഹൈ പ്രഷർ പമ്പുകളും ഉപയോഗിക്കുന്നുണ്ട്.ചതുപ്പായ പ്രദേശത്താണ് ഇപ്പോൾ കേന്ദ്രീകരിച്ചിരിക്കുന്നത്. മറ്റു മേഖലകളിൽ തീയും പുകയും പൂർണമായി ശമിച്ചിട്ടുണ്ട്. ചതുപ്പിലെ പുക ശമിപ്പിക്കുന്നതിൽ ഇന്നു തന്നെ ഗണ്യമായ പുരോഗതി ഉണ്ടാകുമെന്നാണ് വിലയിരുത്തൽ.ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ നേതൃത്വത്തിൽ 24 മണിക്കൂറും ഷിഫ്റ്റുകളിൽ അഗ്നിശമന പ്രവർത്തനം നടക്കുന്നുനിലവിൽ 200 അഗ്നിശമന സേനാംഗങ്ങളും, 18 എസ്കവേറ്റർ ഓപ്പറേറ്റർമാരും 68 സിവിൽ ഡിഫൻസ് അംഗങ്ങളും 55 കൊച്ചി കോർപ്പറേഷൻ ജീവനക്കാരും 48 ഹോം ഗാർഡുകളും 6 പോലീസുകാരും നേവിയുടെ 5 പേരും ബി.പി.സി.എല്ലിലെ 2 പേരും സിയാലിൽ നിന്ന് 3 പേരും റവന്യു വകുപ്പിൽ നിന്ന് 4 പേരും ദൗത്യത്തിനുണ്ട്. ആംബുലൻസും 6 പേർ ഉൾപ്പെട്ട മെഡിക്കൽ സംഘവും സ്ഥലത്തുണ്ട്.പുക അണയ്ക്കാൻ ഒരു ഫോം ടെൻഡർ യുണിറ്റും 18 ഫയർ യൂണിറ്റുകളും 18 എസ്കവേറ്ററുകളും 3 ഹൈ പ്രഷർ പമ്പുകളും ഉപയോഗിക്കുന്നുണ്ട്.മാലിന്യ പ്ലാന്റ് പ്രദേശത്ത് അസ്ക ലൈറ്റുകൾ വിന്യസിച്ച് രാത്രിയിലും നടത്തിയ നിതാന്ത പരിശ്രമമാണ് പുക നിയന്ത്രണം ഫലവത്താക്കിയത്. ഫയർ ടെൻഡറുകൾ നേരിട്ട് എത്തിക്കാനാകാത്തതാണ് ചതുപ്പു മേഖലയിൽ നേരിട്ട പ്രശ്നം. കടമ്പ്രയാറിൽ നിന്നും ഉയർന്ന ശേഷിയുള്ള പമ്പുകൾ ഉപയോഗിച്ച് ഉന്നത മർദ്ദത്തിൽ വെള്ളം പമ്പു ചെയ്താണ് ഇതിന് പരിഹാരം കണ്ടത്. മിനിട്ടിൽ 4000 ലിറ്റർ വെള്ളമാണ് ഇത്തരത്തിൽ പമ്പു ചെയ്യുന്നത്. ഫയർ ടെൻഡറുകൾ എത്തിക്കാനാകാത്ത മറ്റ് കൂനകളിലേക്കും വെള്ളമെത്തിക്കാൻ പമ്പ് ഉപയോഗിക്കുന്നുപ്ലാന്റ് പ്രദേശത്തെ 7 സെക്ടറുകളായി തിരിച്ചതിൽ 5 സെക്ടറുകളിലും തീ അണച്ചു. തീ അണച്ച കൂനകളിൽ ചെറിയ രീതിയിൽ പോലും പുക ഉയരുന്നുണ്ടെങ്കിൽ കണ്ടെത്താൻ പട്രോളിംഗ് സംഘവും രംഗത്തുണ്ട്. കൂടാതെ മാലിന്യക്കൂനയിലെ കനലുകൾ കണ്ടെത്തുന്നതിന് തെർമൽ ക്യാമറ ഘടിപ്പിച്ച ഡ്രോണുകളും വിന്യസിക്കും. ഫയർ ടെൻഡറുകൾ ചെളിയിൽ താഴുന്നത് ഒഴിവാക്കാൻ മെറ്റലും നിരത്തി. പുകയണയ്ക്കൽ അന്തിമഘട്ടത്തിലേക്ക് കടക്കുമ്പോൾ പുകയുടെ അളവിൽ ഗണ്യമായ കുറവു വന്നത് അന്തരീക്ഷത്തിലും പ്രതിഫലിക്കുന്നു. ഇതു സംബന്ധിച്ച് കൺട്രോൾ റൂമിൽ ലഭിക്കുന്ന കോളുകളുടെ എണ്ണത്തിലും കുറവുണ്ട്. വായു നിലവാരം മെച്ചപ്പെട്ടതായി മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചു

# ബ്രഹ്മപുരം തീപിടിത്തം:ഹൈക്കോടതി നിയോഗിച്ച നിരീക്ഷണ സമിതി സന്ദർശനം നടത്തി



**കൊച്ചി:** ബ്രഹ്മപുരം മാലിന്യപ്ലാന്റിലുണ്ടായ തീപിടിത്തത്തെ തുടർന്നുള്ള സാഹചര്യങ്ങൾ വിലയിരുത്താൻ ഹൈക്കോടതി നിയോഗിച്ച നിരീക്ഷണ സമിതി പ്ലാന്റിൽ സന്ദർശനം നടത്തി. തീപിടിത്തം സംബന്ധിച്ചും പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ചുമുള്ള സ്ഥിതിഗതികൾ വിലയിരുത്തി. ജില്ലാ കളക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ, ശുചിത്വമിഷൻ ഡയറക്ടർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജോയിന്റ് ചീഫ് എൻവയോൺമെന്റൽ എൻജിനീയർ, കൊച്ചി കോർപ്പറേഷൻ സെക്രട്ടറി, ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി എന്നിവരാണ് സമിതി അംഗങ്ങൾ. പ്ലാന്റ് സന്ദർശിച്ച ശേഷം സമിതി അംഗങ്ങൾ യോഗം ചേർന്നു. വിശദമായ റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിക്കും. 90% പുക അണയ്ക്കാൻ കഴിഞ്ഞതായി ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് പറഞ്ഞു. എസ്കവേറ്ററുകളും ഫയർ ആന്റ് റെസ്ക്യൂ ഉദ്യോഗസ്ഥരും കോർപ്പറേഷൻ ജീവനക്കാരും സിവിൽ ഡിഫൻസ് വൊളന്റിയർമാരും ഊർജിതമായി പ്രവർത്തിക്കുന്നുണ്ട്. ഏഴു സെക്ടറുകളിൽ അഞ്ചിലെയും തീ പൂർണമായി അണച്ചതാണി കളക്ടർ പറഞ്ഞു. ആഗോളതലത്തിൽ തന്നെ അംഗീകരിച്ച തീയണയ്ക്കൽ രീതിയാണ് ബ്രഹ്മപുരത്ത് നടക്കുന്നത്. അതുകൊണ്ട് ഈ രീതിയിൽ തന്നെ പുക പൂർണമായി അണയ്ക്കാനാകുമെന്ന് പൂർണ വിശ്വാസമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി

**കൊച്ചി:** ബ്രഹ്മപുരം മാലിന്യശേഖരണ പ്ലാന്റിൽ ഉണ്ടായ തീപിടിത്തത്തെ തുടർന്ന് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ അന്തരീക്ഷത്തിൽ അനുഭവപ്പെടുന്ന പുകയുടെ തോതിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. കൂടാതെ വായു ഗുണ നിലവാര സൂചിക( അശ്യ ഝൗമഹശ്യേ കിറലഃ ) കഴിഞ്ഞ ദിവസങ്ങളെ അപേക്ഷിച്ച് വലിയ തോതിൽ മെച്ചപ്പെട്ടിട്ടുണ്ട് . എങ്കിലും ആരോഗ്യപരമായ മുൻകരുതലിന്റെ ഭാഗമായി വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്, കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്, കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്, തൃക്കാക്കര മുനിസിപ്പാലിറ്റി, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി, മരട് മുനിസിപ്പാലിറ്റി, കളമശ്ശേരി മുനിസിപ്പാലിറ്റി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ എന്നീ തദ്ദേശ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും 13 മുതൽ 15വരെ തിയതികളിൽ അവധി പ്രഖ്യാപിക്കുന്നതായി ജില്ലാ കലക്ടർ.അങ്കണവാടികൾ, കിന്റർഗാർട്ടൺ , ഡേ കെയർ സെന്ററുകൾ എന്നിവയ്ക്കും സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, സിബിഎസ്ഇ, ഐസിഎസ്ഇ, സ്കൂളുകൾക്കും അവധി ബാധകമായിരിക്കും.

എസ് എസ് എൽ സി, വി എച്ച് എസ് ഇ, ഹയർ സെക്കണ്ടറി പ്ലസ് വൺ, പ്ലസ് ടു പൊതു പരീക്ഷകൾക്കും സർവകലാശാല പരീക്ഷകൾക്കും അവധി ബാധകമല്ല.

# ഇന്നു മുതൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

**കൊച്ചി:** ബ്രഹ്മപുരത്ത് തീപിടിത്തത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ സേവനം ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഇന്നു മുതൽ പ്രവർത്തനമാരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇന്ന് രണ്ട് മൊബൈൽ യൂണിറ്റുകളും നാളെ 5 മൊബൈൽ യൂണിറ്റുകളും പ്രവർത്തനം ആരംഭിക്കും. ശ്വാസകോശ സംബന്ധമായ രോഗലക്ഷണങ്ങളെയും അനുബന്ധ രോഗാവസ്ഥകളെയും നിരീക്ഷിക്കുന്നതിനും അടിയന്തര വൈദ്യ സഹായം ഫീൽഡ് തലത്തിൽ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സജ്ജമാക്കുന്നത്. മാത്രമല്ല ആരോഗ്യ സ്ഥാപനങ്ങളിലേക്ക് റഫർ ചെയ്യേണ്ട രോഗികളെ സമയബന്ധിതമായി കണ്ടെത്തുന്നതിനും ഈ ക്ലിനിക് സഹായിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.ഫീൽഡ് തലത്തിൽ നിന്ന് ശേഖരിക്കുന്ന ആരോഗ്യ അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർണയിക്കപ്പെടുന്ന പ്രദേശങ്ങളിലേക്കാണ് മൊബൈൽ ക്ലിനിക്കിന്റെ സേവനങ്ങൾ ലഭ്യമാകുക. ഈ ക്ലിനിക്കിൽ മെഡിക്കൽ ഓഫീസർ, നഴ്സിംഗ് ഓഫിസർ, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരുണ്ടാകും. അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനുള്ള സ്റ്റെബിലൈസേഷൻ സംവിധാനവും നെബുലൈസേഷൻ അടക്കമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങളും ഇതിൽ ലഭ്യമാവും. മിനി സ്പൈറോമീറ്റർ അടക്കമുള്ള സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. ഈ ക്ലിനിക്കുകൾ മൊബൈൽ റിപ്പോർട്ടിങ് സെന്ററുകളായും പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ആസ്റ്റർ പീസ് വാലി മൊബൈൽ ക്ലിനിക്കുമായി സഹകരിച്ചാവും ഒരു ക്ലിനിക്കിന്റെ പ്രവർത്തനം.

# ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ–കാർക്കിനോസ് ഹെൽത്ത് കെയർ ഒന്നാം വാർഷികം ആഘോഷിച്ചു

**കൊച്ചി:**കാൻസർ ചികിൽസാ രംഗത്തെ മുൻനിരക്കാരായ കാർക്കിനോസ് ഹെൽത്ത് കെയർ കാൻസർ നിർമ്മാർജ്ജന യജ്ഞത്തിനായി കച്ചേരിപ്പടി ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയുമായി കൈകോർത്ത് നടത്തുന്ന പ്രവർത്തനത്തിന്റെ ഒന്നാം വാർഷികാഘോഷം നടന്നു. ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയിൽ നടന്ന ആഘോഷം ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു. ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ പ്രസിഡന്റ് ആർ.രത്നാകര ഷേണായ് അധ്യക്ഷത വഹിച്ചു. വാർഷിക ആഘോഷത്തിന്റെ ഭാഗമായി എറണാകുളം പ്രസ് ക്ലബ്ബ് അംഗങ്ങൾക്കായി സൗജന്യ കാൻസർ നിർണയ ക്യാംപും സംഘടിപ്പിച്ചു. കാർക്കിനോസ് ഹെൽത്ത് കെയർ- ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ പ്രവർത്തന റിപോർട്ട് ഡോ.ആൻജല എലിസബത്ത് ഈപ്പൻ അവതരിപ്പിച്ചു. ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ജനറൽ സെക്രട്ടറി മനോഹർ വി.പ്രഭു, കാർക്കിനോസ് ഹെൽത്ത്കെയർ മെഡിക്കൽ ഡയറക്ടറും സി.ഇ.ഒയുമായ ഡോ. മോനി ഏബ്രഹാം കുര്യാക്കോസ് , ഡോ.സൗരഭ് രാധാകൃഷ്ണൻ, ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ മെഡിക്കൽ ഡയറക്ടർ ഡോ.ജുനൈദ് റഹ്മാൻ, മെഡിക്കൽ സൂപ്രണ്ട് വി.രാമാനന്ദ പൈ, എറണാകുളം പ്രസ്ക്ലബ്ബ് സെക്രട്ടറി സൂഫി മുഹമ്മദ്, ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ഡെപ്യൂട്ടി മെഡിക്കൽ ഡയറക്ടർ സച്ചിൻ സുരേഷ് തുടങ്ങിയവർ സംസാരിച്ചു.സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 70 കാൻസർ നിർണ്ണയ ക്യാംപുകളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷനും കാർക്കിനോസ് ഹെൽത്ത് കെയറും ചേർന്ന് നടത്തിയത്..5756 പേരെ പരിശോധിച്ചു.ഇതിൽ 401 പേർക്ക് രോഗം സ്ഥിരീകരിച്ചു.23 പേരെ കീമോ തെറാപ്പിക്കു വിധേയമാക്കി.12 പേർക്ക് കീമോ തെറാപ്പി തുടരുന്നുണ്ട്.59 പേരെ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കിയതായും മനോഹർ വി.പ്രഭു, ഡോ. മോനി ഏബ്രഹാം കുര്യാക്കോസ് എന്നിവർ വ്യക്തമാക്കി.



**കച്ചേരിപ്പടി ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയിൽ നടന്ന ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ-കാർക്കിനോസ് ഹെൽത്ത് കെയർ ഒന്നാം വാർഷിക ആഘോഷം ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യുന്നു.ഡോ.രാമാനന്ദ പൈ,ഡോ. മോനി ഏബ്രഹാം കുര്യാക്കോസ്, ഡോ.സൗരഭ് രാധാകൃഷ്ണൻ, ആർ.രത്നാകര ഷേണായ്,സൂഫി മുഹമ്മദ്, മനോഹർ വി.പ്രഭു, ഡോ.ജുനൈദ് റഹ്മാൻ തുടങ്ങിയവർ സമീപം**

# മുളയെ കുറിച്ചുള്ള സമഗ്ര വിവരങ്ങൾ ; വെബ്സൈറ്റ് പുറത്തിറക്കി




**ന്യൂഡൽഹി :** നാഷണൽ ബാംബൂ മിഷൻ (എൻബിഎം) ന്യൂഡൽഹിയിൽ 'മുള മേഖലയുടെ വികസനത്തിനായുള്ള' ദേശീയ ശിൽപശാല നടത്തി. കാർഷിക മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറി ഡോ. അഭിലാഷ് ലിഖി ഉദ്ഘാടനം ചെയ്തു .മൂല്യ ശൃംഖലയെ ശക്തിപ്പെടുത്തുന്നതിൽ ദേശീയബാംബൂ മിഷൻ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നിർമ്മാതാക്കൾക്ക് സാമ്പത്തിക ആനുകൂല്യം നൽകൽ, ഗവൺമെന്റ് പദ്ധതികൾ നിശ്ചിത ലക്ഷ്യത്തിലെത്തിച്ചേരൽ എന്നിവയ്ക്കും മന്ത്രാലയം നടത്തുന്ന ശ്രമങ്ങളെ അദ്ദേഹം പ്രശംസിച്ചു. മ്യാൻമറിന്റെ അംബാസഡർ ശ്രീ. മോ ക്യാവ് ഓങ്, സെർബിയ അംബാസഡർ സിനിസ പവിക് , നേപ്പാൾ സാമ്പത്തിക കാര്യാ മന്ത്രി നിത പൊഖ്രെൽ ആര്യൽ , കേന്ദ്ര കാർഷിക കർഷക ക്ഷേമവകുപ്പ്ഹോർട്ടികൾച്ചർ കമ്മീഷണർ ഡോ. പ്രഭാത് കുമാർ എന്നിവർ പങ്കെടുത്തു . മുളയെ കുറിച്ചുള്ള സമഗ്ര വിവരങ്ങൾ അടങ്ങിയ വെബ്സൈറ്റ് വ ്വേ://ഠഠഠ.യമായീശിളീ.ശി/റലളമൗഹ.േമു. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ദക്ഷിണ മേഖല ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (ബിടിഎസ്ജി കെഎഫ്ആർഐ) പുറത്തിറക്കി.മുള ഇനങ്ങൾ, കൃഷി, ബിടിഎസ്ആർഎഫ്-കെ.എഫ്.ആർ.ഐ എന്നിവയുടെ പ്രവർത്തനം , കരകൗശല തൊഴിലാളികൾ ,ഗവേഷകർ , കർഷകർ, തോട്ടങ്ങൾ, നഴ്സറികൾ , എന്നിവയുടെ ഡാറ്റ ബേസ് എന്നിവ അടങ്ങുന്ന വെബ്സൈറ്റാണിത്.എംഎസ്എംഇ ക്ലസ്റ്ററുകളുടെ ഫൗണ്ടേഷൻ രചിച്ച 'വിവിധ പരിസ്ഥിതി സൗഹൃദ മുള ഉൽപ്പന്നങ്ങളും ബിസിനസ്സ് അവസരങ്ങളും ' എന്ന പുസ്തകം ചടങ്ങിൽ പ്രകാശനം ചെയ്തു .ഇന്ത്യൻ മുള മേഖലയുടെ വ്യാപ്തി പ്രദർശിപ്പിക്കുന്ന എൻബിഎമ്മിന്റെ ഒരു ഹ്രസ്വ ചിത്രവും പുറത്തിറക്കി .സുസ്ഥിര, പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ഉപയോഗത്തെക്കുറിച്ചുള്ള വർദ്ധിച്ചുവരുന്ന അവബോധം, അടിസ്ഥാന സൗകര്യ വികസനത്തിൽ നിക്ഷേപം , സുസ്ഥിര നിർമ്മാണ സാമഗ്രികളുടെ ഉപയോഗം എന്നിവ മുളയ്ക്കുള്ള പ്രധാന വളർച്ചാ ചാലക ശക്തിയാണെന്ന് ഹോർട്ടികൾച്ചർ കമ്മീഷണർ ഡോ. പ്രഭാത് കുമാർ പറഞ്ഞു . ചർച്ചയിൽ , 5 സാങ്കേതിക സെഷനുകളും നടന്നു . അതിൽ മുള വ്യവസായത്തിലെ വിദഗ്ധരുടെ അവതരണങ്ങളും പ്രതിനിധികളുടെ സംവേദനാത്മകമായ നിർദ്ദേശങ്ങളും ഉൾപ്പെടുന്നു.

# ഗവ.നഴ്സിംഗ് സ്കൂളിന് എം പി ഫണ്ടിൽ നിന്നും പുതിയ ബസ്



കൊച്ചി: എറണാകുളം ഗവ.നഴ്സിംഗ് സ്കൂളിന് എം പി ഫണ്ടിൽ നിന്നും അനുവദിച്ച ബസിന്റെ ഫ്ളാഗ് ഓഫ് ഹൈബി ഈഡൻ എം പി നിർവ്വഹിച്ചു. ടി ജെ വിനോദ് എം എൽ എ, ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ഫ്ളാഗ് ഓഫ്. 28 വർഷം പഴക്കമുണ്ടായിരുന്ന വാഹനമായിരുന്നു നഴ്സിംഗ് സ്കൂളിൽ ഉണ്ടായിരുന്നത്. വിദ്യാർത്ഥികൾക്ക് ഫീൽഡ് വർക്കുകൾ, ഒബ്സർവേഷൻ സ്റ്റഡി എന്നിവയ്ക്കെല്ലാം ഉപയോഗിച്ചിരുന്ന വാഹനമായിരുന്നു ഇത്. വാഹനത്തിന്റെ കാലപ്പഴക്കം ഹൈബി ഈഡൻ എം പിയുടെ ശ്രദ്ധയിൽപെടുത്തിയ ഉടൻ തന്നെ എം പി ഫണ്ടിൽ നിന്നും 19.15 ലക്ഷം രൂപ അനുവദിക്കുകയായിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ശ്രീദേവി എസ്, എറണാകുളം ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ഷാഹിർ ഷാ, ഗവ. സ്കൂൾ ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ പി.സി ഗീത, നഴ്സിംഗ് ട്യൂട്ടർ ബി.സോണി തുടങ്ങിയവർ പങ്കെടുത്തു.

# വായു ഗുണനിലവാര നിരീക്ഷണ സംവിധാനം സ്ഥാപിക്കും: മന്ത്രി വീണാ ജോർജ്

**കൊച്ചി:** ശ്വാസകോശ സംബന്ധിയായ അവസ്ഥകൾ വായുവിന്റെ ഗുണ നിലവാര തോത് അനുസരിച്ച് ഏത് രീതിയിൽ വ്യത്യാസപ്പെടുന്നുണ്ടെന്ന് നിരീക്ഷിക്കാനുള്ള സംവിധാനം എറണാകുളത്ത് ശക്തമാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. രോഗാവസ്ഥയിലേക്ക് എത്തിച്ചേരുവാനുള്ള സാധ്യതകൾ മുൻകൂട്ടി കണ്ടെത്തുന്നതിനും അതിനെ പ്രതിരോധിക്കുന്നതിനും ഇതിലൂടെ സാധിക്കും. ഏകാരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ സംവിധാനം സ്ഥാപിക്കുന്നത്.

# കേരളം സംരംഭകർക്കൊപ്പം : മന്ത്രി പി. രാജീവ്



**കൊച്ചി:** സംസ്ഥാന വ്യവസായ വകുപ്പ് സംഘടിപ്പിക്കുന്ന വ്യവസായ യന്ത്ര പ്രദർശന മേള 'മെഷിനറി എക്സ്പോയ്ക്ക് തുടക്കമായി. എക്സ്പോയുടെ അഞ്ചാമത് എഡിഷനാണ് കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം ഗ്രൗണ്ടിൽ നാല് ദിവസങ്ങളിലായി നടക്കുന്നത്. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു. എല്ലാ എക്സിബിഷനുകളും വിജയകരമാണ്. എല്ലാ ജില്ലകളിലും ഈ വർഷം തുടങ്ങിയ സംരംഭകർക്ക് സൗജന്യമായ സർവീസ് നൽകുമെന്ന് മന്ത്രി പി രാജീവ് അറിയിച്ചു. നവീനമായ മെഷീനറികൾ കാണാൻ കഴിഞ്ഞെന്നും, ആവശ്യങ്ങൾക്കനുസരിച്ചുള്ള മെഷീനറികൾ ഉണ്ടാക്കാൻ സാധിച്ചു വെന്നും മന്ത്രി പറഞ്ഞു.എറണാകുളം എം പി ഹൈബി ഈഡൻ അധ്യക്ഷത വഹിച്ചു. എക്സിബിറ്റേഴസ് ഡയറക്ടറി പ്രകാശനം വ്യവസായ വാണിജ്യ വകുപ്പ് ഡയറക്റ്റർ എസ്. ഹരികിഷോർ നിർവഹിച്ചു. കൊച്ചി കോർപ്പറേഷൻ കൗൺസിലർ അഡ്വ.ദീപ്തി മേരി വർഗ്ഗീസ്, എം എസ് എം ഡി ഫ്, തൃശൂർ അസിസ്റ്റന്റ് ഡയറക്ടർ ലചിതമോൾ,കെ എസ് എസ് ഐ എ സംസ്ഥാന പ്രസിഡണ്ട് എ. നീസറുദ്ദീൻ,എഫ് ഐ സി സി കേരള സ്റ്റേറ്റ് കൌൺസിൽ ചെയർമാൻ സാവിയോ മാത്യു വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ സുധീർ കെ , മെഷിനറി എക്സ്പോ കേരള 2023 ജനറൽ മാനേജർ ആന്റ് ജനറൽ കൺവീനർ പി.എ. നജീബ് സംസാരിച്ചു.ഓരോ സംരംഭകനേയും പുതിയ സാധ്യതകൾ പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് മെഷിനറി എക്സ്പോ സംഘടിപ്പിക്കുന്നത്. കേരളത്തിനകത്തും പുറത്തുനിന്നുമുള്ള ഇരുന്നൂറോളം യന്ത്ര നിർമാതാക്കൾ ഒരു കുടക്കീഴിൽ അണിനിരക്കുന്നു എന്നതാണ് മെഷിനറി എക്സ്പോയുടെ പ്രത്യേകത. നാലപ്പത്തിനായിരം ചതുരശ്ര അടി വിസ്തീർണമുള്ള ശീതീകരിച്ച പവലിയനാണ് എക്സ്പോയ്ക്കായി ഒരുക്കുന്നത്.ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന് കേരളത്തിന്റെ വലിയ ലക്ഷ്യപൂർത്തീകരണ വേളയിൽ മെഷിനറി എക്സ്പോ സംരംഭകർക്ക് ഒട്ടനവധി സാധ്യതകളാണ് തുറന്നിടുന്നത്.

വിവിധ മേഖലകളിലെ നൂതന സാങ്കേതിക വിദ്യയും യന്ത്രങ്ങളും സംരംഭകർക്ക് ഗുണകരമാകുംവിധം അവതരിപ്പിക്കുകയാണ് മേളയുടെ ലക്ഷ്യം. കാർഷികാധിഷ്ഠിതം, ഭക്ഷ്യ സംസ്ക്കരണം, പാക്കേജിംഗ്, ജനറൽ എഞ്ചിനീറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, മരാധിഷ്ഠിത വ്യവസായം, റബ്ബർ ആന്റ് പ്ലാസ്റ്റിക്, ഫൂട്ട് വെയർ, പ്രിൻറിംഗ്, ഫാർമസ്യൂട്ടിക്കൽ, ആയുർവ്വേദ ആന്റ് ഹെർബൽ, അപ്പാരൽ, വേസ്റ്റ് മാനേജ്മെൻറ് തുടങ്ങിയ മേഖലകളിലെ നൂതന യന്ത്ര സാമഗ്രികളാണു മേളയിൽ പ്രദർശിപ്പിക്കുന്നത്.വീട്ടാവശ്യങ്ങൾക്കും ഹോട്ടലുകൾക്കും വേണ്ട പാചക യന്ത്രങ്ങൾ മുതൽ വിവിധതരം ഗാർഹിക യൂണിറ്റുകൾക്കും, കുടുംബശ്രീ, കുടിൽ വ്യവസായം, ചെറുകിട, ഇടത്തരം, വൻകിട സംരംഭങ്ങൾക്കും ആവശ്യമായ യന്ത്രങ്ങളും സാങ്കേതികവിദ്യയും അണിനിരത്തിയാണ് യന്ത്ര പ്രദർശനമേള സംഘടിപ്പിക്കുന്നത്.

# ഹൈനെസ് സിബി 350, സിബി 350 ആർഎസ് അവതരിപ്പിച്ച് ഹോണ്ട



**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ പുതിയ 2023 ഹൈനെസ് സിബി 350, സിബി 350 ആർഎസ് മോട്ടോർ സൈക്കിളുകൾ പുറത്തിറക്കി.സിബി 350 ഡിഎൽഎക്സ്, ഡിഎൽഎക്സ് പ്രോ, ഡിഎൽഎക്സ് പ്രോ ക്രോം എന്നിങ്ങനെ മൂന്ന് വേരിയൻറുകളും സിബി 350 ആർഎസ് ഡിഎൽഎക്സ്, ഡിഎൽഎക്സ് പ്രോ, ഡിഎൽഎക്സ് പ്രോ ഡ്യുവൽ ടോൺ എന്നീ വേരിയൻറുകളിലും ലഭ്യമാണ്.3000 ആർപിഎമ്മിൽ 30 എൻഎം ടോർക്ക് നൽകുന്ന 350സിസി എയർ കൂൾഡ് 4 സ്ട്രോക്ക് ഒഎച്ച്സി സിംഗിൾ സിലിണ്ടർ ഒബിഡി2ബി മാനദണ്ഡമനുസരിച്ച് പിജിഎം എഫ്ഐ സാങ്കേതികവിദ്യയോടും കൂടിയാണ് മോട്ടോർസൈക്കിളുകൾ എത്തുന്നത്. ഡ്യുവൽ ചാനൽ എബിഎസ്ടി അടിയന്തര ഘട്ടങ്ങളിൽ ബ്രേക്ക് ചെയ്യുമ്പോൾ ചക്രങ്ങൾ ലോക്ക് ആകുന്നതിൽ നിന്നും തടയുന്നു.ലാർജ് സെക്ഷൻ മുൻ സസ്പെൻഷനും, പ്രഷറൈസ്ഡ് നൈട്രജൻ ചാർജ്ഡ് പിൻ സസ്പെൻഷനുമാണ് ഇരു മോട്ടോർസൈക്കിളിനുമുള്ളത്. കൂടാതെ എൻജിന് സ്റ്റാർട്ട്, സ്റ്റോപ്പ് സ്വിച്ചും റൈഡർമാരുടെ സുരക്ഷക്കായി ഹസാർഡ്സ് സ്വിച്ചും നൽകിയിട്ടുണ്ട്. റൈഡിംഗ് വേഗതയും ഫ്യുവൽ ഇൻജക്ഷൻ അളവും മനസിലാക്കുന്നതിനുള്ള ഇക്കോ ഇൻഡിക്കേറ്ററും ഉൾപ്പെടുത്തിയിട്ടുള്ള വാഹനങ്ങളിൽ 15 ലിറ്റർ ഫ്യുവൽ ടാങ്കാണുള്ളത്. ഹൈനെസ് സിബി350 മോഡലിന് 2,09,857 രൂപയിലും ഹൈനെസ് സിബി350ആർഎസിന് 2,14,856 (ഡൽഹി എക്സ് ഷോറൂം) രൂപയിലുമാണ് വില ആരംഭിക്കുന്നത്. രാജ്യത്തൊട്ടാകെയുള്ള ബിഗ്വിംഗ് ഡീലർഷിപ്പുകളിൽ നിന്നും ഈ മാസം അവസാനത്തോടെ വാഹനങ്ങൾ ലഭ്യമാവും. ഹോണ്ട സിബി350 ഉപഭോക്താക്കൾക്കായി ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ 'മൈ സിബി, മൈ വേ' എന്ന കസ്റ്റമൈസേഷൻ വിഭാഗവും ആരംഭിച്ചിട്ടുണ്ടെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ പ്രസിഡൻറും സിഇഒയും മാനേജിംഗ് ഡയറക്ടറുമായ അത്സുഷി ഒഗാത്ത പറഞ്ഞു.പുതിയ മാനദണ്ഡങ്ങളനുസരിച്ച് നവീകരിച്ച ഹൈനെസ് സിബി350യും സിബി350 ആർഎസും സർക്കാർ നിർദേശിച്ച സമയപരിധിക്ക് മുമ്പ് തന്നെ പുറത്തിറക്കാൻ സാധിച്ചതായും അത്സുഷി ഒഗാത്ത പറഞ്ഞു.

# അന്താരാഷ്ട്ര വനിതാ ചലച്ചിത്ര മേള:ആലപ്പുഴ കെ.എസ്.ആർ.ടി.സി സ്റ്റാൻഡിൽ രജിസ്ട്രേഷൻ സൗകര്യം



**ആലപ്പുഴ:** ആലപ്പുഴയിൽ 17,18,19 തിയതികളിൽ നടക്കുന്ന നാലാമത് വനിത അന്താരാഷ്ട്ര ചലച്ചിത്ര മേള രജിസ്ട്രേഷൻ കൗണ്ടർ ആലപ്പുഴ കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽ തുടങ്ങി. നഗരസഭാ ചെയർപേഴ്സൺ സൗമ്യാ രാജ് ഉദ്ഘാടനം ചെയ്തു. ജില്ല പഞ്ചായത്ത് അംഗം ആർ. റിയാസ്, സാക്ഷരതാ മിഷൻ കോഓഡിനേറ്റർ കെ.വി.രതീഷ് തുടങ്ങിയവർ പങ്കെടുത്തു. കൈരളി, ശ്രീ തീയറ്ററുകളിലാണ് സ്ക്രീനിങ്. സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രവേശനമുണ്ട്. മേളയുടെ ഓൺലൈൻ രജിസ്ട്രേഷൻ https://registration.iffk.in/ സൈറ്റിലൂടെയാണ് ചെയ്യേണ്ടത്. പൊതുജനങ്ങൾക്ക് 300 രൂപയും വിദ്യാർഥികൾക്ക് 150 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. രജിസ്റ്റർ ചെയ്യുന്നവർക്ക് എല്ലാ സിനിമകളും കാണുന്നതിന് അവസരമുണ്ട്.

# ടാറ്റ ടെക്നോളജീസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ആഗോള എൻജിനീയറിങ് സേവന ദാതാക്കളായ ടാറ്റ ടെക്നോളജീസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 95,708,984 ഇകിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, സിറ്റി ഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ബോഫ്എ സെക്യൂരിറ്റീസ് ഇന്ത്യ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ആർ.ജി.എസ്.എ. ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം പേജുകൾ ആരംഭിച്ചു

**ആലപ്പുഴ:** രാഷ്ട്രീയ ഗ്രാം സ്വരാജ് അഭയാൻ പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിൽ രൂപവത്കരിച്ച ആലപ്പുഴ ആർ.ജി.എസ്.എ. യുടെ ഫേസ്ബുക്ക് പേജും ഇൻസ്റ്റാഗ്രാം പേജും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ.ജി. രാജേശ്വരി സ്വിച്ച് ഓൺ നിർവഹിച്ച് പ്രവർത്തനം ആരംഭിച്ചു.ആലപ്പുഴ ആർ.ജി.എസ്.എ.യുടെ നേതൃത്വത്തിൽ ആലപ്പുഴ ജവഹർ ബാലഭവനിൽ വച്ച് മാർച്ച് 18ന് സംഘടിപ്പിച്ചിട്ടുള്ള വരക്കൂട്ടം ചിത്രരചന മത്സരത്തിന്റെ പോസ്റ്റർ പ്രകാശനവും പ്രസിഡൻറ് നിർവഹിച്ചു.ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിൻറ് ഡയറക്ടർ എസ്. ശ്രീകുമാർ, ഡെപ്യൂട്ടി ഡയറക്ടർ ബൈജു ജോസ് , കമ്മ്യൂണിറ്റി ഡെവലപ്മെൻറ് എക്സ്പേർട്ട് ഒലീവിയ തോമസ്, ആർ.ജി.എസ്.എ. ബ്ലോക്ക് കോർഡിനേറ്റർമാർ തുടങ്ങിയവർ പങ്കെടുത്തു.

# വിവരങ്ങളും ലൈഫ് സർട്ടിഫിക്കറ്റും മാർച്ച് 31 വരെ നൽകാം

**കൊച്ചി:** പത്രപ്രവർത്തക പത്രപ്രവർത്തക ഇതര പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ വെബ്സൈറ്റിൽ പുതുക്കി ചേർക്കുന്നതിനുള്ള വിവരശേഖരണരേഖ പൂരിപ്പിച്ച് നൽകുന്നതിന് 2023 മാർച്ച് 31 വരെ സമയം അനുവദിച്ചതായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ ടി.വി.സുഭാഷ് അറിയിച്ചു. വിവരശേഖരണരേഖയുടെ (പ്രൊഫോർമ) മാതൃക വകുപ്പിന്റെ വെബ്സൈറ്റിലുണ്ട്. 2022 ഡിസംബർ വരെ പെൻഷൻ അനുവദിച്ച എല്ലാ വിഭാഗത്തിലുള്ള പെൻഷണർമാരും നേരിട്ടോ അവർ ചുമതലപ്പെടുത്തുന്ന വ്യക്തികൾ വഴിയോ പ്രൊഫോർമ പ്രകാരം ആവശ്യമായ രേഖകളും വിവരങ്ങളും മാർച്ച് 31നകം ജില്ല ഇൻഫർമേഷൻ ഓഫീസിൽ നൽകണം.ജില്ലയിൽ 2021 ഡിസംബർ വരെ പെൻഷൻ ലഭിച്ചവർ (ആശ്രിത /കുടുംബ പെൻഷൻകാർ ഉൾപ്പെടെ എല്ലാ വിഭാഗക്കാരും) ഇതിനകം ലൈഫ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലെങ്കിൽ 2023 മാർച്ച് 31നകം ജില്ല ഇൻഫർമേഷൻ ഓഫീസിൽ ലഭ്യമാക്കണം. ഇതിൽ വീഴ്ച വരുത്തുന്നവരുടെ പെൻഷൻ വിതരണം 2023 ജൂലൈ മുതൽ താൽക്കാലികമായി നിർത്തിവയ്ക്കും.

# കൊച്ചി ലുലു മാളിന് പത്ത് വയസ്സ് ; ആഘോഷങ്ങൾക്ക് തുടക്കം

## കൊച്ചി ലുലു മാൾ ബിസിനസ് ജീവിതത്തിലെ വിപ്ലവകരമായ തീരുമാനം : എം.എ യൂസഫലി

## മാളിൽ നിന്ന് നികുതിയായി മാത്രം സർക്കാരിന് ലഭിച്ചത് 2105 കോടി രൂപ



**കൊച്ചി :** സംസ്ഥാനത്തിൻറെ വികസന മുഖമായി കൊച്ചി ലുലു മാൾ മാറിയിട്ട് പത്ത് വർഷം. ബിസിനസ് ജീവിതത്തിലെ ഏറ്റവും വിപ്ലവകരമായ തീരുമാനങ്ങളിൽ ഒന്നായിരുന്നു കൊച്ചി ലുലു മാൾ എന്ന് ലുലു ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എം.എ യൂസഫലി വ്യക്തമാക്കി.ഇത്രയും ചെറിയ കൊച്ചിയിൽ ഇത്രയും വലിയ മാൾ നടക്കില്ലെന്ന് പലരും പറഞ്ഞു, എന്നാൽ ഈ അഭിപ്രായം മാറ്റേണ്ടി വരുമെന്നും, തീരുമാനം ശരിയായിരുന്നുവെന്ന് പറയേണ്ടി വരുമെന്നും താൻ മറുപടി നൽകി. കാലം അത് ശരിയാണെന്ന് തെളിയിച്ചിരിക്കുന്നു. ഇന്ന് കൊച്ചി വലുതായി, ലുലു മാൾ നഗരത്തിനെ അപേക്ഷിച്ച് ചെറുതായെന്നും എം.എ യൂസഫലി കൂട്ടിച്ചേർത്തു. ലുലു മാളിന്റെ പത്താം വാർഷികാഘോഷ വേളയിൽ ഏവർക്കും ആശംസ അറിയിച്ചുകൊണ്ടുള്ള ഓൺലൈൻ സന്ദേശത്തിലാണ് എം.എ യൂസഫലി സന്തോഷം പങ്കുവെച്ചത്.പത്താം വാർഷികാഘോഷങ്ങളുടെ ഭാഗമായി മാളിലെ എട്രിയത്തിൽ നടന്ന ചടങ്ങിൽ ലുലു ഗ്രൂപ്പ് സിഇഒ ആൻഡ് ഡയറക്ടർ നിഷാദ് എം എ കേക്ക് മുറിച്ചു. ലുലു ഗ്രൂപ്പ് ഗ്ലോബൽ കമ്മ്യൂണിക്കേഷൻസ് ഡയറക്ടർ വി.നന്ദകുമാർ, ലുലു ഗ്രൂപ്പ് ഇന്ത്യ ഷോപ്പിംഗ് മാൾസ് ഡയറക്ടർ ഷിബു ഫിലിപ്സ് അടക്കമുള്ളവർ പങ്കെടുത്തു. ലോകോത്തര ഷോപ്പിംഗ് സംസ്കാരം സമ്മാനിയ്ക്കുക മാത്രമല്ല, ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലും കൊച്ചി നഗരത്തിൻറെ മുഖച്ഛായ തന്നെ മാറ്റുന്നതിലും ലുലു മാൾ സുപ്രധാന പങ്ക് വഹിച്ചെന്ന് വി.നന്ദകുമാർ പറഞ്ഞു. ഗായകൻ ഹരിശങ്കറും സംഘവും അണിനിരന്ന സംഗീത നിശയും സംഘടിപ്പിച്ചിരുന്നു.17 കോടിയിലധികം ഉപഭോക്താക്കളാണ് കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ ലുലു മാൾ സന്ദർശിച്ചത്. നികുതി ഇനത്തിൽ മാത്രം 2105 കോടി രൂപ മാൾ സർക്കാരിന നൽകി. 5000 ജീവനക്കാർ സ്ഥാപനത്തിന്റെ ഭാഗമായി. നിയമവിരുദ്ധമായി ഒരു രൂപ പോലും ലുലുവിന്റെ ഭാഗമായിട്ടില്ല എന്ന ഉറപ്പാണ് സ്ഥാപനത്തിന്റെ ഉയർച്ചയുടെ കരുത്തെന്നും യൂസഫലി ചൂണ്ടികാട്ടി. പത്താം വാർഷികത്തോടനുബന്ധിച്ച് ഉപഭോക്താക്കൾക്കായി സമ്മാന പദ്ധതികളും മാൾ ഒരുക്കിയിട്ടുണ്ട്. മാളിൽ എവിടെയും കുറഞ്ഞത് 2500 രൂപയ്ക്ക് ഷോപ്പിംഗ് നടത്തുന്ന ഉപഭോക്താക്കൾക്ക് 10 ലക്ഷത്തിലധികം വിലമതിയ്ക്കുന്ന സ്വർണ്ണാഭരണങ്ങൾ, വാച്ചുകൾ, ലാപ്ടോപ്പുകൾ, സമ്മാനങ്ങൾ എന്നിവ നേടാനുള്ള അവസരമാണ് ലഭിയ്ക്കുക.

# ലൂർദ് ആശുപത്രിൽ വൃക്ക ദിനം ആചരിച്ചു



**കൊച്ചി :** ലൂർദ് നെഫ്രോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ലോക വൃക്ക ദിനാചരണവും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക് വിധേയരായ രോഗികളുടെയും ഡയാലിസിസ് രോഗികളുടെയും സംഗമവും നടത്തി.7 വർഷം മുൻപ് ലൂർദിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായ ഷിജു ദാസ് വൃക്കദിനാചരണം ഉദ്ഘാടനം ചെയ്തു. 19ാം വയസ്സിൽ ശസ്ത്രക്രിയയ്ക്ക് വിധേയനായതിന്റെയും അതിനു ശേഷമുള്ള ലൂർദ് ആശുപത്രിയിലെ ചികിത്സ അനുഭവങ്ങളും ഷിജു ദാസ് പങ്കുവെച്ചു.ലൂർദ് ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ ഫാ. ജോർജ് സെക്വീര, നെഫ്രോളജി കൺസൾട്ടന്റ് ഡോ. പുന്നൂസ് തോമസ് പുതുവീട്ടിൽ, നെഫ്രോളജി വിഭാഗം മേധാവി ഡോ. ബിനു ഉപേന്ദ്രൻ, മെഡിക്കൽ ഡയറക്ടർ പോൾ പുത്തൂരാൻ, ചീഫ് ഡയാലിസിസ് ടെക്നിഷ്യൻ ഹരി കളമ്പുരം എന്നിവർ സംസാരിച്ചു.തുടർന്ന് നടന്ന ബോധവത്കരണ സെമിനാറിന് ഡോ. പുന്നൂസ് തോമസ് പുതുവീട്ടിൽ നേതൃത്വം നൽകി. നൂറിലേറെ രോഗികൾ ക്ലാസ്സിൽ പങ്കെടുത്തു.

# പ്രതിരോധത്തിന്റെ പെൺകരുത്തുമായി 'ജ്വാല'



**കൊച്ചി:** പ്രതിരോധത്തിന്റെ പെൺകരുത്തുമായി 'ജ്വാല'. റൂറൽ ജില്ലാ പോലീസിന്റെ നേതൃത്വത്തിൽ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ നടന്ന ജ്വാല സ്വയം പ്രതിരോധ ക്ലാസ് സ്ത്രീകൾക്കും പെൺകുട്ടികൾക്കും ആത്മവിശ്വാസത്തിൻറെ കരുത്തായി മാറി. പെട്ടെന്ന് ഒരു ആക്രമണ സാഹചര്യമുണ്ടായാൽ ആത്മവിശ്വാസത്തോടെ നേരിടുന്നതെങ്ങനെയെന്ന് പ്രത്യേകം പരിശീലനം നേടിയ വനിതാ പോലീസ് കമാൻഡോകൾ പഠിപ്പിച്ചു. അടവുകളും, പ്രതിരോധ വിദ്യകളും പഠിക്കുവാൻ നിരവധി പേരാണ് സ്റ്റേജിലെത്തിയത്. ചിലർ അവർ നേരിട്ട അനുഭവങ്ങൾ പങ്കുവച്ചു. ബോധവൽക്കരണ ക്ലാസും നടന്നു. പെരുമ്പാവൂർ വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ജ്വാല സ്വയം പ്രതിരോധ പരിപാടി പെരുമ്പാവൂർ എ.എസ്.പി ജുവനപ്പടി മഹേഷ് ഉദ്ഘാടനം ചെയ്തു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ലിസി സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എം.അൻവർ അലി, വികസന കാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർ പേഴ്സൺ അസീസ് മൂലയിൽ, ഹോപ്പ് ടീച്ചേഴ്സ് കോർഡിനേറ്റർ ബി.എസ്.സിന്ധു, തടിയിട്ടപറമ്പ് എസ്.എച്ച്.ഒ വി.എം. കഴ്സൺ, സീനിയർ സിവിൽ പോലീസ് ഓഫീസർ വി.എസ്.ഷിഹാബ്, തുടങ്ങിയവർ പ്രസംഗിച്ചു. വനിതാ പോലീസ് കമാൻഡോകളായ കെ.ഒ.റോസ, എം.കെ.സിന്ധു, കെ.എൻ.ബിജി, എം.എം.അമ്പിളി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | CUSTOMER SATISFACTION 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663